FOR PRIVATE CIRCULATION

# SFC News

ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

VOL. 3 | ISSUE 9 | 2018 SEPTEMBER - OCTOBER




ശാരോൻ ഫെലോഷിപ്പ് ചർച്ച് ബാഹ്യകേരള
പാസ്റ്റേഴ്സ് കോൺഫ്രൻസിൽ
റവ. ജോൺ തോമസ് സന്ദേശം നല്കുന്നു.
പരിഭാഷ പാസ്റ്റർ എം.ഡി. ശാമുവൽ



ശാരോൻ ഫെലോഷിപ്പ് ചർച്ചിനുവേണ്ടി
പണിപൂർത്തിയായിവരുന്ന പുതിയ ഓഫീസ് കെട്ടിടം

## EDITORIAL BOARD:

Dr. T.P. Abraham
Pr. K.T. Thomas,
Pr. V.J. Thomaskutty,
Pr. Roy Cherian,
Bro. Joy C. Daniel
Pr. Abraham Mannamaruthi (Editor)


സഭാ വാർത്തകൾ എല്ലാ മാസവും
5 – ാം തീയതിക്കുമുമ്പ്
ഓഫീസിൽ എത്തിക്കേണ്ടതാണ്

ലേഖനങ്ങൾ, അഭിപ്രായങ്ങൾ,
വാർത്തകൾ തുടങ്ങിയവ
അയയ്ക്കേണ്ട വിലാസം


**SFC News,** Sharon Fellowship Church,
P.B. No. 10, Thiruvalla 689 101,
Kerala, India
Email: sfcnewstvla@gmail.com
Ph: 0469-2607979


# പ്രകൃതി ദുരന്തത്തിന്റെ വിവിധ കാഴ്ചകൾ





















# ദുരന്തം വിതച്ച ദിനങ്ങൾ



റവ. ജോൺ തോമസ്

**ക**ഴിഞ്ഞ ദിവസങ്ങളിൽ കേരളത്തിലുണ്ടായ ഭീകരമായ വെള്ളപ്പൊക്കം നമ്മെ രണ്ട് കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നു. ഒന്ന്, മനുഷ്യന്റെ പരിപൂർണ്ണമായ നിസ്സഹായാവസ്ഥയും മറ്റൊന്ന് കഷ്ടപ്പെടുന്നവരോടുള്ള മനുഷ്യന്റെ സ്വാർത്ഥരഹിതമായ ഉദാരമനസ്കതയും. ഇത്തരം കെടുതികളിൽ മറ്റുള്ളവർ നൽകുന്ന കൈത്താങ്ങലുകളിൽ ആശ്വാസം പ്രാപിക്കുമ്പോൾ ഈ ദുരന്തങ്ങളുടെ യഥാർത്ഥ അർത്ഥമെന്തെന്ന് പലപ്പോഴും തിരിച്ചറിയാൻ സാധിക്കാതെ പോകാറുണ്ട്. ചിലപ്പോൾ അവയൊക്കെ ദുഃഖകരമായ ഓർമകളായി മാത്രം അവശേഷിക്കും. പ്രകൃതിക്ഷോഭങ്ങൾ മനുഷ്യർക്ക് പുതിയൊരു കാര്യമല്ല. എത്ര കരുതലോടെ നോക്കിയാലും ദുരന്തങ്ങൾ എവിടെയും എപ്പോൾ വേണമെങ്കിലും സംഭവിക്കാം. എല്ലാറ്റിന്റെയും അവസാനം, നഷ്ടങ്ങൾ നേരിടുമ്പോഴും അവയെ നേരിടാനുള്ള ധൈര്യത്തിനായി ദൈവത്തോട് അപേക്ഷിക്കാൻ മാത്രമേ നമുക്കാവുകയുള്ളൂ. ഈ ഒരു പ്രക്രിയയിൽ നാം അഞ്ച് തലങ്ങളിലൂടെ കടന്നുപോകുന്നു: (1) ആദ്യം എന്താണ് നടന്നത് എന്നതിനെക്കുറിച്ചൊരു ആകസ്മികത (2) എന്തുകൊണ്ട് ഇത് സംഭവിച്ചു എന്നുള്ള ചോദ്യം (3) നമ്മുടെ വൈകാരികപരമായ ദ്വേഷ്യത്തെയും നിസ്സഹായാവസ്ഥയെയും നേരിടുന്ന നിമിഷങ്ങൾ (4) ഞാൻ ഇങ്ങനെ ചെയ്തിരുന്നുവെങ്കിൽ അഥവാ ഈ മുൻകരുതലുകൾ എടുത്തിരുന്നുവെങ്കിൽ എന്നുള്ള ആവർത്തനചിന്തകൾ (5) അവസാനം സാഹചര്യങ്ങൾ മനസ്സിലാക്കി നഷ്ടങ്ങളെ നേരിടുവാനും പഠിക്കുന്നു. മരണം ഒഴികെ മറ്റെല്ലാ നഷ്ടങ്ങളും വീണ്ടെടുക്കാനാകുന്നതാണ്.

ഈ ദുരിത സമയത്ത് നമ്മുടെ സഹോദരീസഹോദരന്മാരെ രക്ഷിക്കുവാൻ അക്ഷീണം പ്രയത്നിക്കുകയും അവർക്ക് അഭയം പ്രാപിക്കാൻ ഭവനങ്ങൾ തുറന്ന് കൊടുക്കുകയും ചെയ്ത എല്ലാ പാസ്റ്റർമാരോടും വിശ്വാസികളോടും എന്റെ നന്ദി രേഖപ്പെടുത്തുന്നു. നാം അടുത്തകാലത്ത് അനുഭവിച്ച വെള്ളപ്പൊക്കം പോലെ ഭീകരമായ ഒരു തകർച്ച കേരളം മുൻപെങ്ങും കണ്ടിട്ടില്ല. ദുരിതക്കയത്തിലായ ആയിരക്കണക്കിന് ആളുകളെ രക്ഷപെടുത്തുവാൻ കഴിഞ്ഞു. ഇനിയും അനേകം ആളുകൾക്ക് സഹായം ആവശ്യമാണ്. കുടിവെള്ളം, സോപ്പ്, വസ്ത്രങ്ങൾ, ബെഡ്ഷീറ്റുകൾ മുതലായ അവശ്യവസ്തുക്കൾ ഇനിയും അനേകർക്ക് ആവശ്യമാണ്. രക്ഷാപ്രവർത്തനങ്ങൾ അവസാനിക്കുമ്പോൾ നാശനഷ്ടങ്ങളുടെ കണക്ക് എടുക്കുന്നതിന്റെയും തകർന്നുപോയതൊക്കെയും പുതുക്കി പണിയുന്നതിന്റേയും പകർച്ചവ്യാധികളെ നേരിടുന്നതിന്റേയും സമയങ്ങളിലേക്ക് കടക്കുകയാണ്.

സാധ്യമായ എല്ലാ സഹായങ്ങളും മറ്റുള്ളവർക്ക് ചെയ്തുകൊടുക്കുവാൻ നൂറുകണക്കിന് ആളുകൾ സ്വമേധയാ പ്രവർത്തനനിരതരായി. വെള്ളപ്പൊക്കത്തിൽ ഭവനങ്ങൾ നഷ്ടമായവർക്ക് നമ്മുടെ ബൈബിൾ കോളേജും താൽക്കാലിക ദുരിതാശ്വാസ കേന്ദ്രമായി. ആവശ്യക്കാരെ സഹായിക്കുവാനുള്ള ഉത്തരവാദിത്തം ശാരോൻ ഫെലോഷിപ്പ് ചർച്ചിലെ എല്ലാ പാസ്റ്റർമാർക്കും വിശ്വാസികൾക്കുമുണ്ട്. നമ്മുടെ സി.ഇ.എം. & സൺഡേസ്കൂൾ കമ്മറ്റിയും ഭാരവാഹികളും രക്ഷാപ്രവർത്തനങ്ങളിലും മറ്റിതര സഹായഹസ്തങ്ങൾ നീട്ടുന്ന കാര്യത്തിലും തീവ്രമായി പ്രവർത്തിച്ചു എന്ന കാര്യം ഞാൻ സന്തോഷപൂർവ്വം ഓർക്കുന്നു. സ്വന്തം കുടുംബത്തിന്റെ ക്ഷേമം പോലും മറന്ന് പ്രവർത്തിച്ച ദൈവദാസന്മാരിലൂടെ അനേകർക്ക് മനസ്സലിവും കരുതലും അനുഭവിപ്പാൻ കഴിഞ്ഞു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സാധാരണയിൽ കവിഞ്ഞ ദശാംശവും സ്തോത്രകാഴ്ചയും സമാഹരിച്ച എല്ലാ സഭകളോടും എന്റെ നന്ദി അറിയിക്കുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നമ്മുടെ സഭാകൗൺസിൽ നേതൃത്വം നൽകുന്നു. നിങ്ങളുടെ നന്മകൾ അർഹതപ്പെട്ടവരുടെ കൈകളിൽ എത്തിക്കാൻ സഹായിക്കുന്ന പ്രതിബദ്ധതയുള്ള സന്നദ്ധ സംഘടനകൾ ഉണ്ടായിരിക്കാം, എങ്കി



ദൈവം നമ്മുടെ കേരളത്തിന് ഒരു അപകടസൂചനയാണ് തന്നിരിക്കുന്നത്. ദൈവത്തിങ്കലേക്ക് നമുക്ക് എപ്രകാരം മടങ്ങിവരുവാൻ കഴിയും? ജീവിതത്തിൽ ഏറ്റുപറയുവാനും മാനസാന്തരപ്പെടുവാനും എന്തെങ്കിലുമൊക്കെ അവശേഷിക്കുന്നുണ്ടോ എന്നൊക്കെ നാം ചിന്തിക്കണം.

ലും നമ്മുടെ ഓഫീസ് വഴി നൽകുന്ന ദുരിതാശ്വാസ നിധിയിലേക്ക് നിങ്ങളാൽ കഴിയുന്ന സംഭാവന നൽകുവാൻ ഉത്സാഹിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. ഏകദേശം ഒരു കോടി രൂപാ സമാഹരിക്കുവാനുള്ള നടപടികൾ സഭ എടുത്തിട്ടുണ്ട്. അത് നല്ലൊരു തുടക്കമാണ്. ഇനിയും നമുക്ക് എത്രമാത്രം ആവശ്യമാണെന്ന് നാശനഷ്ട കണക്കുകൾ എടുക്കുമ്പോൾ മാത്രമേ വ്യക്തമാകൂ. നമ്മൾ സമാഹരിച്ചതൊക്കെയും വിനിയോഗിക്കുമ്പോൾ നമ്മുടെ പാസ്റ്റർമാർ, വിശ്വാസികൾ അവരുടെ കുടുംബങ്ങൾ എന്നിവർക്ക് പ്രഥമ പരിഗണന നൽകണമെന്ന് ഞാൻ ആശിക്കുന്നു. ഒരു വ്യക്തിക്കോ സംഘടനയ്ക്കോ ഒറ്റയ്ക്ക് ആരേയും സഹായിക്കാൻ കഴിയില്ല. അതുകൊണ്ട് നാം ഒരുമിച്ച് ദൈവം നമ്മെക്കൊണ്ട് ആഗ്രഹിക്കുന്ന കാര്യങ്ങൾ ചെയ്യാം. ഇതുപോലെയൊരു പ്രതിസന്ധി നേരിടുമ്പോൾ സംഭാവനകൾ നൽകിയും സന്നദ്ധ സേവകരായും കാര്യങ്ങൾ ഏകോപിക്കുന്നതിൽ ജാഗ്രതയുള്ളവരുമായൊക്കെ നമ്മളാൽ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യാൻ നമ്മൾ ഉത്സാഹിക്കണം.

ദൈവം നമ്മുടെ കേരളത്തിന് ഒരു അപകടസൂചനയാണ് തന്നിരിക്കുന്നത്. ദൈവത്തിങ്കലേക്ക് നമുക്ക് എപ്രകാരം മടങ്ങിവരുവാൻ കഴിയും? ജീവിതത്തിൽ ഏറ്റുപറയുവാനും മാനസാന്തരപ്പെടുവാനും എന്തെങ്കിലുമൊക്കെ അവശേഷിക്കുന്നുണ്ടോ എന്നൊക്കെ നാം ചിന്തിക്കണം. പ്രകൃതിക്ഷോഭങ്ങളും പ്രതികൂലങ്ങളും സംഭവിക്കുമ്പോളെല്ലാം ഒരു ആത്മസംഘർഷവും ഉടലെടുക്കാറുണ്ട്. നല്ലതായി ജീവിതം നയിക്കുന്നവർക്ക് എന്തിനാണ് ദൈവം കഷ്ടത നൽകുന്നതെന്നോർത്ത് ചിലർ വ്യാകുലപ്പെടാറുണ്ട്. എന്നാൽ ദൈവീക ഉദ്ദേശത്തെ ചോദ്യം ചെയ്യുന്നതും പരസ്പരം പഴിചാരുന്നതും തമ്മിൽ കലഹിക്കുന്നതുമൊന്നും ആർക്കും ഗുണം ചെയ്യുന്നില്ല. നമ്മുടെ വിഘടിത സ്വഭാവങ്ങളെ മാറ്റിവെച്ച് യേശുവിനെ മാതൃകയാക്കേണ്ട സമയമാണിത്. മാർട്ടിൻ ലൂഥർ ഇപ്രകാരം പറയുന്നു: "ദൈവം നമ്മെ വാസ്തവമായി പരിപാലിക്കുന്നുണ്ടോ എന്ന് ചുറ്റുപാട് നോക്കി ചില സമയം പരിഭ്രാന്തരാകുമ്പോൾ, ക്രൂശിനരികിലേക്ക് ഓടി വരിക; അവൻ അവിടെയുണ്ട്." ഒരു മനുഷ്യനെക്കൊണ്ട് സഹിക്കാവുന്ന കഷ്ടതയുടെ ഏറ്റവും ഭീകരമായ അവസ്ഥ അനുഭവിച്ചവനാണ് നമ്മുടെ രക്ഷകൻ. ഇതുപോലെയുള്ള സാഹചര്യങ്ങളിൽ നാം സ്വയം ചോദിക്കേണ്ട ചോദ്യമാണ്: യേശുവിന്റെ സ്നേഹത്തിൽ നിന്ന് എന്നെ വേർപിരിക്കുന്നതാർ? ആ ഉയർപ്പിന്റെ ശക്തി നമുക്ക് പ്രത്യാശ നൽകുന്നു.

ദൈവം കഷ്ടങ്ങളിൽ ഏറ്റവും അടുത്ത തുണയാണെന്ന് നാൽപത്തിയാറാം സങ്കീർത്തനത്തിൽ നാം കാണുന്നു. അതിലുപരിയായി അവൻ നമ്മെ സൃഷ്ടിച്ചവനാകയാൽ നമുക്ക് എന്ത്, എപ്പോൾ വേണമെന്ന് അവന് നന്നായറിയാം. ചുറ്റുമുള്ളതെല്ലാം തകർന്ന് വീഴുമ്പോഴും ദൈവം തന്റെ ജനത്തിന് ആശ്രയിക്കാൻ കഴിയുന്ന സങ്കേതമാണ്. അവൻ നമ്മെ പരിപാലിക്കുകയും ശക്തീകരിക്കുകയും ചെയ്യുന്നു. സാഹചര്യങ്ങൾ മാറിയാലും ദൈവീക ഉടമ്പടിയാലുള്ള വാഗ്ദത്തങ്ങൾ ഒരിക്കലും മാറുകില്ല. ഒരു ചെറു കുരുകിലിനെപ്പോലും കരുതുന്നവനാണ് ദൈവമെങ്കിൽ തന്റെ സ്വരൂപ പ്രകാരം സൃഷ്ടിക്കപ്പെട്ട, തന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട പ്രത്യാശകൊണ്ട് നിറയ്ക്കപ്പെട്ട നമ്മെ അവൻ എത്രയധികം കരുതും? വേദനകളും ദുരിതങ്ങളും ജീവിതത്തിന്റെ ഭാഗമാണ്. എന്നാൽ തകർന്നിരിക്കുന്നവരുടെ മുൻപിൽ സാക്ഷികളായി നിൽക്കുവാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്.

നമ്മുടെ സഭകൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പുകൾ അടുത്തയാഴ്ചകളിൽ നടക്കും. വെള്ളപ്പൊക്ക കെടുതി ബാധിച്ചവരെ ആശ്വസിപ്പിക്കുവാനും കൈത്താങ്ങുവാനുമായി നാം മുന്നിട്ടിറങ്ങുമ്പോൾ അതിനാവശ്യമായ കൃപ നമുക്ക് ദൈവത്തോട് ചോദിക്കാം. ദുരിതങ്ങളുടെ നടുവിൽ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും സുവിശേഷം പറയുന്നതിനോളം മാധുര്യമായ കാര്യമൊന്നുമില്ല. കേരളത്തിൽ വെള്ളപ്പൊക്കം ബാധിച്ച സ്ഥലങ്ങളിലൂടെ കഴിഞ്ഞ മാസം എനിക്കും യാത്ര ചെയ്യുവാൻ സാധിച്ചു. പുതിയ പ്രവർത്തനങ്ങളോടനുബന്ധിച്ച് ആന്ധ്രാപ്രദേശും ബാംഗ്ലൂരും സന്ദർശിക്കുവാൻ കഴിഞ്ഞ ദിവസങ്ങളിൽ ദൈവം സഹായിച്ചു. അതിനുശേഷം ഗുജറാത്തിൽ വെച്ച് നടക്കുന്ന പാസ്റ്റർമാരുടെ സമ്മേളനത്തിലും സംയുക്താരാധനയിലും ഞാൻ പങ്കെടുത്തു.

സഭയായി നമുക്ക് പ്രാർത്ഥിക്കാം, ദൈവമുഖം അന്വേഷിക്കാം, ഒരിക്കൽ കൂടെ നമ്മെ തന്നെ ക്രമീകരിച്ച് പുതുക്കം പ്രാപിക്കാം, പ്രതിസന്ധികളെ തരണം ചെയ്യുവാൻ ഇരട്ടി ശക്തിയോടെ പ്രവർത്തിക്കാം.

കേരളത്തിലെ ജനങ്ങൾ ഒന്നടങ്കം അഭിമുഖീകരിക്കുന്ന ഈ പ്രതിസന്ധി ഘട്ടത്തിൽ നമുക്കെല്ലാവരെയും ഓർത്ത് പ്രാർത്ഥിക്കാം, പ്രത്യേകിച്ച് നമ്മുടെ കൂട്ടായ്മകളെ ഓർത്ത് പ്രാർത്ഥിക്കാം.



## എഡിറ്റോറിയൽ

# ദുരന്തം നൽകിയ പാഠങ്ങൾ

കേരളത്തിനു നടുക്കുന്ന ഓർമ്മകൾ നൽകിയ മൂന്നു പ്രകൃതി ക്ഷോഭങ്ങളാണ് ഈ വർഷമുണ്ടായത്. ഇതിൽ ആദ്യത്തേത്, ചില മാസങ്ങൾക്ക് മുമ്പ് കേരളത്തിന്റെ തെക്കൻ ജില്ലകളെ പിടിച്ചു കുലുക്കിയ ഓഖി ദുരന്തമായിരുന്നു. ഒരുപാടു പേരുടെ സ്വപ്നങ്ങൾ കവർന്നെടുത്ത ആ കൊടുങ്കാറ്റിന്റെ ഭീകരത മനസിൽ നിന്നു മായും മുമ്പാണ് അറബികടലിൽ രൂപം കൊണ്ട ന്യൂനമർദ്ദത്തെ തുടർന്ന് വടക്കൻ കേരളത്തിൽ പ്രത്യേകിച്ച് വയനാട്ടിൽ പ്രകൃതി ക്ഷോഭമുണ്ടാകുന്നത്. ആഗസ്റ്റ് മാസം ആദ്യം ഉണ്ടായ ഈ ദുരന്തമായിരുന്നു രണ്ടാമത്തേത്. അപ്പോഴും, പ്രകൃതിക്ഷോഭത്തിന് ഇത്രമാത്രം ഭീകരയുണ്ടെന്ന് മധ്യകേരളത്തിലുള്ളവർ മനസിലാക്കിയിരുന്നില്ല. എന്നാൽ ആഗസ്റ്റ് പകുതിയോടെയെത്തിയ മഹാമാരിയും പ്രളയവും മധ്യകേരളത്തെ മാത്രമല്ല മലയാളികളെ മുഴുവൻ കണ്ണുനീരിലാഴ്ത്തുന്നതായിരുന്നു.

നിനച്ചിരിക്കാത്ത സമയത്തെത്തിയ മഹാപ്രളയത്തെ അതിജീവിക്കാൻ കേരള ജനത കയ്യും മെയ്യും മറന്ന് ഒറ്റ കെട്ടായി മുന്നിട്ടിറങ്ങുന്ന കാഴ്ചയായിരുന്നു പിന്നീട് കണ്ടത്. വിഭാഗികതകൾക്കോ വലിപ്പ ചെറുപ്പങ്ങൾക്കോ സ്ഥാനം നൽകാത്ത മലയാളിയുടെ മനുഷത്വം ലോകത്തിനു തന്നെ മാതൃകയായി. ലഭ്യമായ സാധ്യതകളെല്ലാം സഹജീവികളുടെ രക്ഷയ്ക്കായി പ്രയോജനപ്പെടുത്തുന്ന കുറെ നല്ല മനുഷ്യരെ കേരളത്തിനു തിരിച്ചറിയാൻ കഴിഞ്ഞു. മരണ വാഹനങ്ങൾ എന്നു വിശേഷിപ്പിച്ചിരുന്ന ടിപ്പർ, ടോറസ് ലോറികൾ ജീവരക്ഷാ വാഹനങ്ങളായി മാറി. ഈ വാഹനങ്ങൾക്കൊപ്പം മത്സ്യബന്ധനബോട്ടുകളും ചേർന്നപ്പോൾ മനുഷ്യന്റെ പല ധാരണകളും തിരുത്തി കുറിക്കപ്പെടുകയായിരുന്നു. സമുദായങ്ങളും സഭകളും സംഘടനകളും മനുഷ്യത്വം എന്താണെന്നു പ്രവൃത്തിയിലൂടെ വെളിപ്പെടുത്തിയപ്പോൾ രക്ഷപെട്ടത് നിരവധി വിലപ്പെട്ട ജീവനുകളാണ്. സർക്കാരും സന്നദ്ധ സംഘടനകളും മത്സ്യതൊഴിലാളികളും ഉണർന്നു പ്രവർത്തിച്ചത് ജീവൻ രക്ഷാ ദൗത്യത്തിൽ ഏറെ ഉണർവു പകർന്നു. രക്ഷാപ്രവർത്തനങ്ങളിലും അതെ തുടർന്നുള്ള ദുരിതാശ്വാസ സേവനങ്ങളിലും ചെറിയ നിലയിൽ സഹപ്രവർത്തകർക്കൊപ്പം പങ്കാളിത്തം വഹിക്കാൻ കഴിഞ്ഞത് വ്യക്തിപരമായി എനിക്കും ഏറെ സംതൃപ്തി നൽകുന്നതായിരുന്നു.

ഈ മഹാദുരന്തം നിരവധി പാഠങ്ങൾ നമുക്കു ശേഷിപ്പിച്ചാണ് കടന്നുപോയത്. എല്ലാവരും തുല്യരാണെന്നതാണ് അതിൽ പ്രധാനം. സമ്പന്നരും ദരിദ്രരുമെല്ലാം ഒന്നിച്ച് ദുരിതാശ്വാസ ക്യാംപുകളിൽ കഴിഞ്ഞപ്പോൾ, യഥാർത്ഥത്തിൽ ജീവിക്കേണ്ടത് എങ്ങനെയാണെന്ന സാധന പാഠം പ്രകൃതി നമുക്കു പറഞ്ഞു തരികയായിരുന്നു. ക്യാംപുകളിൽ നിന്നും മടങ്ങി മതിലുകളാൽ ചുറ്റപ്പെട്ട ഭവനങ്ങളിൽ എത്തുമ്പോഴും മനസിൽ മതിലില്ലാതെ അയൽക്കാരനെ കാണാൻ കഴിഞ്ഞാൽ കേരളം ദൈവത്തിന്റെ സ്വന്തം നാടു തന്നെയാകും. കരുതലും പങ്കുവെയ്ക്കലും സഹാനുഭൂതിയുമൊക്കെയാണല്ലോ ദൈവവും ഇഷ്ടപ്പെടുന്നത്.

ആരെയും നിസാരരായി കാണരുതെന്നും നാം വില മതിക്കാത്തവരായിരിക്കും ചില സമയങ്ങളിൽ നമ്മുടെ രക്ഷകരാകുന്നതെന്നുമുള്ള സത്യം ഈ ദുരന്തം നമുക്കു പറഞ്ഞു തന്നു. സമൂഹജീവികൾ എന്ന നിലയിൽ മറ്റുള്ളവരുടെ സഹായം സ്വീകരിക്കേണ്ടി വരുമെന്നും ഇനിയും നാം തിരിച്ചറിയണം. എനിക്കാരുടെയും സഹായം വേണ്ട എന്ന മനോഭാവത്തിന് എല്ലായ്പ്പോഴും പ്രസക്തിയില്ല എന്നും കൂടി നാം മനസിലാക്കണം. ഒപ്പം ആരെയും ദ്രോഹിക്കാതെ, കഴിയുന്നിടത്തോളം നന്മ ചെയ്തു ശീലിക്കാൻ നമുക്കാകണം. ഇല്ലെങ്കിൽ ഇടയ്ക്കിടെ പ്രകൃതി നൽകുന്ന ദ്രോഹങ്ങൾക്കു മുമ്പിൽ ഇത്തരം പ്രവൃത്തികൾ മൂലം നാം പശ്ചാത്തപിക്കേണ്ടി വരും.

ആരും എങ്ങും സുരക്ഷിതരല്ല എന്നതാണ് മറ്റൊരു യാഥാർത്ഥ്യം. ഉയർന്ന പ്രദേശങ്ങളിൽ പാർക്കുന്നവർക്ക് ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഭീഷണിയുയർത്തിയപ്പോൾ താഴ്ന്ന സ്ഥലങ്ങളിലുള്ളവർക്ക് പ്രളയമാണ് പ്രശ്നമായത്. നമ്മുടെ സുരക്ഷിതത്വത്തിനായി നാം ഒരുക്കുന്നതൊന്നും യഥാർത്ഥ സുരക്ഷിതത്വം നൽകില്ല എന്നതും നാം കണ്ടു കഴിഞ്ഞു. പകരം, സുരക്ഷിതരായിരിക്കാൻ നമുക്കു കഴിയുന്നത് ദൈവാശ്രയത്തിലൂടെ മാത്രമാണെന്ന ബൈബിൾ സത്യം മനുഷ്യൻ ഏറെക്കുറെ മനസിലാക്കി കഴിഞ്ഞു.

പ്രകൃതി നൽകിയ പാഠങ്ങൾ ഉൾക്കൊള്ളുന്നതിനും ഒരു നവകേരളം കെട്ടിപ്പടുക്കുന്നതിനും നമുക്കു പങ്കാളികളാകാൻ കടമയുണ്ട്. പ്രാർത്ഥന കൊണ്ടും പണം കൊണ്ടും നമുക്ക് പ്രവർത്തിക്കാൻ സാധ്യതകളുണ്ട്. ദേശത്തിന്റെ നന്മയ്ക്കായും സൗഖ്യത്തിനായും പ്രാർത്ഥിക്കേണ്ടവരാണ് ദൈവജനം. പട്ടണത്തിന്റെ നന്മ അന്വേഷിച്ച് അതിനുവേണ്ടി യഹോവയോടു പ്രാർത്ഥിക്കാൻ ദൈവവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു. (യിരെ. 29:7). ഒപ്പം, വിശ്വാസം പ്രവൃത്തിയിൽ കാണിച്ചു നൽകുന്ന നല്ല ശമര്യാക്കാരായി നാം ലോകത്തിനു മാതൃകയാകേണ്ടതുമുണ്ട്.

**പാസ്റ്റർ ഏബ്രഹാം മന്ദമരുതി**



**ബ്രദർ എം.കെ. കുര്യൻ**
*(ജനറൽ ട്രഷറാർ, ശാരോൻ ഫെലോഷിപ്പ് ചർച്ച്)*

# ജനറൽ ട്രഷറാറുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെയുണ്ടെന്ന് അരുളി ചെയ്ത യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം!

ഈ നൂറ്റാണ്ടിൽ കേരളം കണ്ട ഏറ്റവും വലിയ പ്രളയദുരന്തത്തിന് നാം എല്ലാവരും സാക്ഷ്യം വഹിച്ചു. അപ്രതീക്ഷിതമായി ഉണ്ടായ പേമാരിയും ഉരുൾപൊട്ടലും വെള്ളപ്പൊക്കവും നമ്മുടെ സംസ്ഥാനത്തിന് സമ്മാനിച്ചത് കോടികളുടെ നഷ്ടമാണ്. നമ്മുടെ ഗവണ്മെന്റും സന്നദ്ധ സംഘടനകളുമൊക്കെ ഈ ദുരന്തത്തിൽനിന്നു കരകയറുവാൻ ചെയ്യുന്ന പരിശ്രമങ്ങൾ ശ്ലാഘനീയമാണ്. പ്രകൃതി ദുരന്തത്തിൽ എല്ലാം നഷ്ടമായ നമ്മുടെ സഹജീവികൾക്ക് എത്രയും വേഗം സാധാരണ ജീവിതം തുടരാൻ ദൈവം സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഈ പ്രത്യേക സാഹചര്യത്തിൽ, നമ്മുടെ സഭയും ദുരിതാശ്വാസവുമായി ബന്ധപ്പെട്ടുള്ള സഹായങ്ങൾ ചെയ്യാൻ താൽപര്യപ്പെട്ടു ചുവടുകൾ മുമ്പോട്ടു വെച്ചിരിക്കുകയാണ്. ഒരുകോടി രൂപയാണ് ഇതിലേക്കു സമാഹരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. സമൂഹത്തിന്റെ ഭാഗമെന്ന നിലയിൽ നല്ല ഒരു തുക ഗവണ്മെന്റിന്റെ ദുരുതാശ്വാസ നിധിയിലേക്കു നൽകാൻ നമുക്ക് ഉത്തരവാദിത്തമുണ്ട്. ഇപ്രകാരം ലഭിക്കുന്ന പണത്തിൽനിന്ന് ഒരു വിഹിതം അപ്രകാരം സംഭാവന നൽകാൻ ആഗ്രഹിക്കുന്നു.

കൂടാതെ ഇടുക്കി, വയനാട്, കണ്ണൂർ, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലായി നമ്മുടെ സഭയുമായി ബന്ധപ്പെട്ട് കനത്ത നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. പലയിടങ്ങളിലും നമ്മുടെ സഭാഹാളുകൾപൂർണ്ണമായി ഒലിച്ചുപോയി. ചില ഹാളുകൾക്കും പാഴ്സനേജുകൾക്കും ഭാഗികമായി കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. നമ്മുടെ വിശ്വാസ കുടുംബങ്ങളിൽ പലർക്കും ഭവനങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു. കൃഷിയിടങ്ങൾ, വളർത്തുമൃഗങ്ങൾ തുടങ്ങിയുള്ള വരുമാനമാർഗങ്ങൾ പലർക്കും ഇല്ലാതായിരിക്കുന്നു. ഈ സാഹചര്യത്തിൽ ദുരിതമനുഭവിക്കുന്ന ഈ പ്രിയപ്പെട്ടവരെ സഹായിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. നാം ശേഖരിക്കുന്ന തുകയുടെ ബാക്കി വരുന്ന വിഹിതം ഇപ്രകാരം നൽകാനാണ് നമ്മൾ താൽപര്യപ്പെടുന്നത്. അതിനാൽ നമ്മുടെ ഓരോ പ്രാദേശിക സഭകളും തങ്ങളാൽ കഴിയുന്നതിന്റെ പരമാവധി തുക സമാഹരിച്ച് സഭാ ഓഫീസിൽ എത്തിക്കാൻ ഉത്സാഹിക്കുമല്ലോ. ഇതിനകം നമ്മുടെ നിരവധി സഭകളും വ്യക്തികളും ഇക്കാര്യത്തിൽ സഹകരിച്ചിട്ടുണ്ട്. പ്രത്യേക നന്ദി അറിയിക്കുന്നു.

നമ്മുടെ ഏറിയ കാലത്തെ ആഗ്രഹവും പ്രാർഥനയുമായിരുന്നു സഭയ്ക്ക് വിശാലമായ ഒരു ഓഫീസ് കോംപ്ലക്സ് പണികഴിപ്പിക്കുക എന്നത്. ദൈവകൃപയാൽ കഴിഞ്ഞ വർഷം അതിന്റെ പണി ആരംഭിക്കാൻ ദൈവം സഹായിച്ചു. നമ്മുടെ കൺവൻഷൻ സ്റ്റേഡിയത്തിന്റെ മുകളിലത്തെ നിലയിൽ സഭയുടെ പ്രധാന ഓഫീസ്, ചുമതലക്കാരുടെ ഓഫീസ്, കൗൺസിൽ ഹാൾ, പുത്രികാ സംഘടനകളുടെ ഓഫീസ് എല്ലാംകൂടി 4000 ലധികം ചതുരശ്ര അടിയിലാണ് ഈ സമുച്ചയം പണികഴിപ്പിക്കുന്നത്. പ്ലാസ്റ്ററിംഗ് പണി ഏറെക്കുറെ പൂർത്തിയായി വരുന്നു. ഇപ്പോൾ 40 ലക്ഷത്തോളം രൂപ ഇതിലേക്കു മൊത്തം ചെലവായിട്ടുണ്ട്. ഇതിൽ 20 ലക്ഷം രൂപ കടമായി ശേഷിക്കുന്നു. ഇനിയും 35 ലക്ഷം രൂപാ ബാക്കി പണിക്കായി ആവശ്യവുമാണ്. നമ്മുടെ സഭകളും വ്യക്തികളും ഈ ആവശ്യത്തിലേക്ക് സംഭാവനകൾ നൽകിയത് നന്ദിയോടെ ഓർക്കുന്നു. ഇനിയും സഹകരിക്കാനുള്ള സഭകൾ എത്രയും വേഗം തങ്ങളുടെ സംഭാവനകൾ സഭാ ഓഫീസിൽ എത്തിക്കുമല്ലോ.

ദൈവമായ കർത്താവ് ഏവരേയും അനുഗ്രഹിക്കട്ടെ എന്നു പ്രാർഥിക്കുന്നു. നമ്മുടെ പ്രയത്നങ്ങൾ വ്യർത്ഥമല്ല എന്നറിഞ്ഞ് കർത്താവിന്റെ വേലയിൽ വർദ്ധിച്ചുവരാൻ നമുക്ക് ഉത്സാഹിക്കാം.

# സ്വവർഗ്ഗ രതി
# വേദപുസ്തക കാഴ്ചപ്പാട്



പാസ്റ്റർ അനീഷ്
കൊല്ലംകോട്




ഇന്ത്യൻ ശിക്ഷാ നിയമപ്രകാരം 10 വർഷം വരെ തടവ് ലഭിക്കാമായിരുന്ന പ്രകൃതി വിരുദ്ധ ലൈംഗീകത എന്ന കുറ്റകൃത്യം ഇനി മുതൽ ഇന്ത്യയിൽ കുറ്റകരമായി കണക്കാക്കില്ല!

സ്വവർഗ്ഗ രതി ഉൾപ്പടെ പ്രായപൂർത്തിയായവർ തമ്മിൽ പരസ്പര സമ്മതത്തോടെയുള്ള ഏതു തരം ലൈംഗീക ബന്ധവും ഭരണ ഘടനാപരമായി ഇന്ത്യൻ പൗരന്റെ മൗലിക അവകാശമായി പ്രഖ്യാപിച്ചുകൊണ്ടാണ് വകുപ്പ് 377 ൽ പ്രകൃതി വിരുദ്ധ ലൈംഗിക ബന്ധത്തെ കുറ്റകരമാക്കുന്ന വ്യവസ്ഥകൾ സുപ്രീം കോടതി ചീഫ് ജസ്റ്റീസ് അധ്യക്ഷനായ അഞ്ചംഗ ബഞ്ച് റദ്ദ് ചെയ്തിരിക്കുന്നത്!

158 വർഷമായി നിലവിലിരിക്കുന്ന നീതി ന്യായ വ്യവസ്ഥകളിൽ ഉണ്ടായിരിക്കുന്ന അത്ഭുതകരമായ മാറ്റം ഭൂരിഭാഗം വരുന്ന ജനത്തിനും ആശങ്കയുളവാക്കുന്നതാണെങ്കിലും എല്ലാ അർത്ഥത്തിലും പ്രത്യേകാൽ ബൈബിൾ വെളിച്ചത്തിൽ ഈ തീരുമാനം കാലത്തിന്റെ അനിവാര്യതയാണെന്ന് പറയാതെ വയ്യ.

സ്വവർഗ്ഗ ലൈംഗീകതയുൾപ്പടെ ഇപ്പോൾ അനുവദിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങൾ ഭൂരിപക്ഷ സമൂഹത്തിന്റെ സദാചാര ബോധത്തിന് നിരക്കുന്നതല്ലായിരിക്കാം.എന്നാൽ അത്തരം ചിന്തകൾ ഭരണഘടനാപരമായ സദാചാരത്തിന് നിരക്കുന്നതല്ല എന്നും കോടതി നിരീക്ഷിച്ചു.

ലൈംഗീക താത്പര്യം വ്യക്തി കേന്ദ്രീകൃതമാണെന്നും സ്വകാര്യത ഓരോ പൗരന്റെയും മൗലിക അവകാശമാണെന്നും അതിൽ ഭരണകൂടം ഇടപെടേണ്ടതില്ലെന്നും ദീപക് മിശ്ര അധ്യക്ഷനായ അഞ്ചംഗ ബഞ്ച് വ്യക്തമാക്കി.

കഴിഞ്ഞ വർഷമാണ് സ്വകാര്യത മൗലീക അവകാശമാണെന്ന കോടതി വിധി ഉണ്ടായത്.അപ്പോൾ തന്നെ ആർട്ടിക്കിൾ 377ന്റെ മരണ മണിയും മുഴങ്ങി എന്ന തരത്തിലുള്ള നിയമ വിദഗ്ധരുടെ പരാമർശം മനോരമ റിപ്പോർട്ട് ചെയ്തിരിക്കുന്നത് ശ്രദ്ധേയമാണ്.

സ്വകാര്യതയെന്നാൽ LGBT വ്യക്തികളുടെ (Lesbian,Gay,(സ്വവർഗ്ഗ പ്രേമികൾ) Bisexual, (പുരുഷനെയും സ്ത്രീയെയും ഒരുപോലെ ലൈംഗികതയ്ക്ക് ഉപയോഗിക്കുന്നവർ), Transgenders (ദ്വിലിംഗ വിഭാഗത്തിൽ പ്പെട്ടവർ) സ്വകാര്യതയും കൂടിയാണെന്ന് കോടതി പ്രസ്താവിച്ചു.

LGBT വിഭാഗത്തിൽപ്പെട്ടവരുടെ ലൈംഗീക രീതിയെ കുറ്റകരമാക്കുന്നതും അവരെ ഒറ്റപ്പെടുത്തുന്നതും മനുഷ്യാവകാശ ലംഘനമാണെന്നും സ്വവർഗ്ഗ താത്പര്യം മാനസിക പ്രശ്നമല്ല;അത്,ജീവശാസ്ത്രപരമായ പ്രതിഭാസമാണ് എന്നും കോടതി പ്രസ്താവിച്ചു.

മേൽസൂചിപ്പിച്ച വിധിപ്രസ്താവങ്ങളുമായി ബന്ധപ്പെട്ട രണ്ടു ബഞ്ചിലും അംഗമായിരുന്ന ജസ്റ്റിസ് ആർ.എഫ്.നരിമാന്റെ വാക്കുകൾ മതവിശ്വാസികൾ വളരെ ശ്രദ്ധാപൂർവ്വമാണ് വായിച്ചത്!! അതിങ്ങനെയായിരുന്നു 'ഭൂമിയിൽ ഭരണകൂടം രൂപീകരിച്ചിട്ടുള്ള കോടതികൾ വഴിയല്ല പാപത്തിന് ശിക്ഷ നൽകേണ്ടത്! മറ്റെവിടെയോ ആണ്. കുറ്റത്തിന് മാത്രമാണ് ഭൂമിയിൽ ശിക്ഷയുള്ളത്.'

പാപത്തെയും കുറ്റത്തെയും രണ്ടായി കണ്ടുകൊണ്ടുള്ള ജസ്റ്റിസ് നരിമാന്റെ പ്രസ്താവനയുടെ ആഴവും വ്യാപ്തിയും വരും നാളുകളിൽ ചർച്ചയായേക്കാം.എങ്കിലും പാപത്തിന് ശിക്ഷ വിധിക്കുന്ന ഒരിടം മറ്റെവിടെയോ ഉണ്ടെന്ന ധാരണ ജസ്റ്റീസ് നരിമാൻ പങ്കുവച്ചത് മതവിശ്വാസികൾക്ക് അല്പം ആശ്വാസത്തിന് വക നൽകിയിട്ടുണ്ട്.

രാജ്യത്തിന്റെ പരമോന്നത നീതി പീഠത്തിൽ നിന്നും ഉണ്ടായിരിക്കുന്ന പ്രസ്തുത വിധിയെ പൗരൻ എന്ന നിലയിൽ എതിർക്കാൻ നമുക്ക് അവകാശമില്ല.ശ്രേഷ്ഠാധികാരങ്ങൾക്ക് കീഴ്പ്പെട്ടിരിക്ക എന്ന ബൈബിൾ ഉപദേശം ശിരസ്സാ വഹിക്കാൻ നാം ബാധ്യസ്ഥരുമാണ്. മാത്രവുമല്ല, ഇപ്പോൾ ഉണ്ടായിരിക്കുന്ന വിധിപ്രസ്താവം LGBT വിഭാഗങ്ങൾക്ക് സ്വാതന്ത്ര്യം നൽകുന്നു എന്നതിലപ്പുറം മതവിശ്വാസികളെ പ്രത്യ

ക്ഷമായി ബാധിക്കുന്നുമില്ല. മത വിശ്വാസികൾക്ക് അവരുടെ മത പ്രമാണം ഉൾകൊണ്ട് ജീവിക്കാനുള്ള സ്വാതന്ത്ര്യത്തിന് ഈ വിധി പ്രത്യക്ഷത്തിൽ വിലങ്ങുതടിയാകുന്നുമില്ല.

സ്വവർഗ്ഗ ലൈംഗീകതയ്ക്ക് മനുഷ്യനോളം തന്നെ പഴക്കമുണ്ട്.അതിപുരാതന കാലം മുതൽക്കേ മനുഷ്യർക്കിടയിൽ ഈ രീതി നിലനിന്നതായി പല ചരിത്ര രേഖകളും വ്യക്തമാക്കുന്നുണ്ട്. പ്രത്യേകാൽ വിശുദ്ധ ബൈബിളും ഈ പ്രവർത്തിക്കെതിരെ ശക്തമായി പ്രതികരിക്കുന്നത് ദൈവത്തിന്റെ നിയമ പുസ്തകത്തിലൂടെയും സോദോം ഗോമോറ ഉൾപ്പടെയുള്ള സംഭവങ്ങളിലൂടെയും മനസിലാക്കാം. സൊദോം ഗോമോറയെ തീയിറക്കി നശിപ്പിച്ചതിലൂടെ സ്വവർഗ്ഗ രതി മരണകരമായ പാപം തന്നെയെന്ന് ബൈബിൾ അർത്ഥ ശങ്കയ്ക്കിടയില്ലാത്ത വിധം വ്യക്തമാക്കുകയാണ്. പഴയ നിയമ ഭാഗങ്ങളിലും പുതിയ നിയമ ഭാഗങ്ങളിലുമായി അനേകം തവണ പ്രകൃതി വിരുദ്ധ ലൈംഗീകതയെ ബൈബിൾ ശക്തിയുക്തം എതിർക്കുന്നുണ്ട്. അത്തരം പാപത്തിൽ തുടരുന്നവർക്ക് ദൈവ ജനത്തോടൊപ്പം സഹവാസം സാധ്യമല്ലെന്നു മാത്രമല്ല, അവരെ കൊന്നുകളയണമെന്നാണ് ബൈബിൾ, പ്രത്യേകാൽ പഴയ നിയമം നൽകുന്ന താക്കീത്.

അതേ സമയം, പുതിയ നീയമത്തിലേക്ക് വരുമ്പോൾ ഏതു പാപിക്കും യേശുക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിലൂടെ നീതീകരണം വാഗ്ദാനം ചെയ്യുന്നതിനാൽ പ്രസ്തുത പാപത്തിൽ അകപ്പെട്ടവർക്കും ക്രിസ്തുവിലൂടെ സമ്പൂർണ്ണ പാപമോചനം ലഭ്യമാണ്. പക്ഷെ അതേ പാപത്തിൽ തുടരാൻ അനുവാദമില്ല. തെറ്റുകൾ മനുഷ്യ സഹജമാണ്. എന്നാൽ പാപബോധവും മാനസാന്തരവുമില്ലാതെ അതിൽ കൂപ്പുകുത്തുന്ന അവസ്ഥ ദൈവം വെച്ചു പൊറുപ്പിക്കില്ലെന്നുള്ള തിരിച്ചറിവാണ് സൊദോം ഗോമോറ നൽകുന്നത്.

ദൈവത്തെ പരിജ്ഞാനത്തിൽ ധരിക്കാൻ മനുഷ്യർ വിമുഖത കാട്ടിയപ്പോൾ അവരെ ഉചിതമല്ലാത്തത് ചെയ്യാൻ അപമാന രാഗങ്ങളിൽ ഏൽപ്പിച്ചു എന്നാണ് റോമാ ലേഖനത്തിലൂടെ വിശുദ്ധ പൗലോസ് ഈ വിഷയത്തിൽ നൽകുന്ന വിശദീകരണം.

‘അതുകൊണ്ടു ദൈവം അവരെ അവമാനരാഗങ്ങളിൽ ഏല്പിച്ചു; അവരുടെ സ്ത്രീകൾ സ്വാഭാവികഭോഗത്തെ സ്വഭാവവിരുദ്ധമാക്കിക്കളഞ്ഞു (റോമർ 1:26).

**പാപത്തെയും കുറ്റത്തെയും രണ്ടായി കണ്ടുകൊണ്ടുള്ള ജസ്റ്റിസ് നരിമാന്റെ പ്രസ്താവനയുടെ ആഴവും വ്യാപ്തിയും വരും നാളുകളിൽ ചർച്ചയായേക്കാം.എങ്കിലും പാപത്തിന് ശിക്ഷ വിധിക്കുന്ന ഒരിടം മറ്റെവിടെയോ ഉണ്ടെന്ന ധാരണ ജസ്റ്റീസ് നരിമാൻ പങ്കുവച്ചത് മതവിശ്വാസികൾക്ക് അല്പം ആശ്വാസത്തിന് വക നൽകിയിട്ടുണ്ട്.**

അവ്വണ്ണം പുരുഷന്മാരും സ്വാഭാവികസ്ത്രീഭോഗം വിട്ടു അന്യോന്യം കാമം ജ്വലിച്ചു ആണോടു ആൺ അവലക്ഷണമായതു പ്രവർത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിന്നു യോഗ്യമായ പ്രതിഫലം തങ്ങളിൽ തന്നേ പ്രാപിച്ചു (റോമർ 1:27).

ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാഞ്ഞതിന്നു തക്കവണ്ണം ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്‌വാൻ നികൃഷ്ടബുദ്ധിയിൽ ഏല്പിച്ചു (റോമർ 1:28).

റോമാലേഖന പഠനം ശരിക്കും ഒരു കോടതി മുറിയുടെ അനുഭവമാണ് വായനക്കാരന് പ്രദാനം ചെയ്യുന്നത്. ആദ്യത്തെ മൂന്ന് അധ്യങ്ങളിലായി യെഹൂദനും യവനനും സകല ജാതികളും പാപികളാണെന്നും ന്യായവിധിക്ക് യോഗ്യരാണെന്നും പറഞ്ഞുകൊണ്ട് സകലർക്കും നീതി അനിവാര്യമാണെന്ന് പ്രഖ്യാപിക്കുന്ന ലേഖനം, മനുഷ്യന്റെ പാപത്തിന്റെ ഭയങ്കരതയെ സൂചിപ്പിക്കാൻ സ്വവർഗ്ഗ ലൈംഗീകതയെ ആണ് ചൂണ്ടിക്കാണിക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

മനുഷ്യൻ തന്റെ സ്വതന്ത്രമായ തീരുമാനപ്രകാരം ചെയ്യുന്നതോ അല്ലെങ്കിൽ സാഹചര്യം കൊണ്ടു പെട്ടുപോകുന്നതോ അല്ല സ്വവർഗ്ഗ ലൈംഗീകത, മറിച്ച് അത് മനുഷ്യന് ജന്മനാൽ തന്നെ ഉണ്ടാകുന്ന ജനതിക ഘടനകളിലുണ്ടാകുന്ന അടിസ്ഥാന പരമായ വ്യത്യസ്തത മാത്രമാണ് എന്ന വാദഗതി ഉയർത്തിയാണ് ആധുനിക വൈദ്യ ശാസ്ത്ര വിദഗ്ധർ സ്വവർഗ്ഗാനുരാഗത്തെ ന്യായീകരിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ സൃഷ്ടിയുടെ ഭാഗത്തല്ല, സ്രഷ്ടാവിന് പറ്റിയ കയ്യബദ്ധമാണ് ഈ രീതിയുടെ മൂലകാരണം എന്നു വരുത്തി തീർക്കുകയാണ്.

അതേസമയം ബൈബിൾ ഈ രീതിയെ ‘മരണകരമായ പാപം’ എന്നു തന്നെയാണ് വിശേഷിപ്പിക്കുന്നത്. അതിനെ സൃഷ്ടിയുടെ ഭാഗത്തുനിന്നുള്ള ദൈവീക വ്യവസ്ഥയ്ക്കെതിരെയുള്ള വെല്ലുവിളി ആയിട്ടാണ് വിശദീകരിച്ചിട്ടുള്ളത്.

ബൈബിൾ വീക്ഷണത്തിൽ ‘പാപം’ എന്നാൽ ആയിരിക്കേണ്ടതുപോലെ ആയിരിക്കാത്ത അവസ്ഥയാണ്. ആ നിലയിൽ സ്വവർഗ്ഗ ലൈംഗീകത എല്ലാ അർത്ഥത്തിലും പാപം തന്നെയാണ്. ആധുനിക ചിന്തകരാകട്ടെ, ഈ പ്രവൃത്തിയെ കേവലം വ്യത്യസ്തതയായിട്ടാണ് കാണുന്നത്.

‘ലോത്തിന്റെ കാലത്തെപ്പോലെയാകും’ എന്ന ബൈബിൾ മുന്നറിയിപ്പ് സ്വവർഗ്ഗ രതിയുടെ മേലുള്ള ദൈവീക ന്യായവിധിയെ ആണ് സൂചിപ്പിക്കുന്നത്. സ്വവർഗ്ഗ രതി മാത്രമല്ല, മൃഗങ്ങളോടൊപ്പം ശയിക്കുക,മൃത ശരീരത്തോടൊപ്പം ശയിക്കുക, പിഞ്ചു കുഞ്ഞുങ്ങളെ ലൈംഗീകതയ്ക്ക് ഉപയോഗിക്കുക എന്നുതുടങ്ങിയുള്ള ലൈംഗിക വൈകൃതങ്ങളെയും ബൈബിൾ ശക്തിയുക്തം എതിർക്കുന്നു. ഇവയെയെല്ലാം കേവലം വ്യത്യസ്തതയായി കാണാൻ ആവില്ലല്ലോ!!

പാപം എന്ന പ്രയോഗം തന്നെ ലക്ഷ്യം തെറ്റുക എന്നർത്ഥമുള്ള ‘ഹമാർട്ടിയ‘ എന്ന ഗ്രീക്ക് മൂലത്തിൽ നിന്നാണുണ്ടായിട്ടുള്ളത്.എബ്രായ ഭാഷയിൽ ‘ഹറ്റ’ എന്ന പ്രയോഗവും നൽകുന്നത് ഇതേ അർത്ഥം തന്നെയാണ്.

ദൈവത്തിന് മനുഷ്യനെപ്പറ്റി ഒരുലാക്കുണ്ട്,ലക്ഷ്യമുണ്ട്. അത് തെറ്റിക്കുന്നതാണ് പാപം. അതായത്, മനുഷ്യനെ സൃഷ്ടിക്കുമ്പോൾ തന്നെ നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി പെരുകുവിൻ എന്നരുളി ചെയ്ത ദൈവം സ്ത്രീ പുരുഷ ലൈംഗീകതയിലൂടെയാണ് അതിന്റെ മാർഗ്ഗവും ഒരുക്കിയത്. ലൈംഗീകത ദൈവം മനുഷ്യന് നൽകിയ ഏറ്റവും വലിയ വരദാനമാണ്. അതിന് അനുയോജ്യമായിട്ടാണ് സ്ത്രീ പുരുഷ ശരീരത്തെ ദൈവം രൂപകൽപന ചെയ്തിട്ടുള്ളതും. ലൈംഗീക ബന്ധത്തിലൂടെയുള്ള ശാരീരിക സുഖാനുഭൂതിക്കപ്പുറം പുതിയ സൃഷ്ടി നടത്തുവാൻ മനുഷ്യനെ പങ്കാളിയാക്കുന്ന ദൈവപദ്ധതിയും കൂടിയാണത്.

വാസ്തവത്തിൽ ദൈവത്തിന്റെ മ

*ശേഷം പേജ് 12 ൽ*



# ജീവിതത്തിലെ വെള്ളിടികൾ

**പാസ്റ്റർ കുര്യൻ മാത്യു**
**മണിപ്പുഴ**

**ഊ**ഷരഭൂമിയെ സമീപിച്ചു സ്രഷ്ടാവ് ചോദിച്ചു: മറ്റു പ്രദേശങ്ങളൊക്കെ തരുലതാദികൾ വളർന്നും ഫലമൂലാദികൾ നിറഞ്ഞും നിൽക്കുമ്പോൾ നീ എന്തുകൊണ്ടാണ് ഇപ്രകാരം ശൂന്യമായി കിടക്കുന്നത്? ഊഷരഭൂമി പറഞ്ഞു: എന്റെ കുറ്റമല്ല, എനിക്കാവശ്യമായ വിത്തുകൾ ലഭിക്കാത്തതുകൊണ്ടാണ്. സ്രഷ്ടാവ് എല്ലാ വൃക്ഷങ്ങളുടെയും ചെടികളുടെയും വിത്തുകൾ നൽകി. പിറ്റേ വർഷം ഫലമന്വേഷിച്ചുവന്നപ്പോൾ പഴയപടി ശൂന്യത മാത്രം. സ്രഷ്ടാവ് വിശദീകരണമന്വേഷിച്ചു. വിത്തു തന്നപ്പോൾ അവ കൊത്തിക്കൊണ്ടുപോകാതെ പക്ഷികളെയും ജന്തുക്കളെയും അവിടുന്ന് നിയന്ത്രിക്കാത്തതുകൊണ്ട് വിത്തെല്ലാം നഷ്ടമായി എന്നായിരുന്നു മറുപടി. വീണ്ടും വിത്തുകൾ നൽകി. പിറ്റേവർഷം സ്രഷ്ടാവ് വന്നപ്പോൾ അനുഭവം തഥൈവ. ഇപ്രാവശ്യം ഭൂമിയുടെ മറുപടി വെള്ളമില്ലാതെ എങ്ങനെ വിത്തുകൾ മുളച്ചുവരുമെന്നായിരുന്നു.

ഇക്കുറി സ്രഷ്ടാവിന്റെ പ്രതികരണം, ശക്തമായ ഒരു വെള്ളിടി അവിടെ അയയ്ക്കുകയായിരുന്നു. ഭൂമിയുടെ മാറു പിളർന്നു. ഭൂമധ്യത്തിൽ നെടുനീളെ ഒരു ഗർത്തം. അവിടെ നീരുറവകൾ പൊടിച്ച് നീർച്ചാലുകളായി മാറി. സ്രഷ്ടാവു നൽകിയ വിത്തുകൾ മുളച്ചുവന്നു. അവ വേഗത്തിൽ ഫലവൃക്ഷങ്ങളായിത്തീർന്നു. സൗരഭ്യം പരത്തുന്ന മനോഹരമായ ചെടികൾ അവിടെ വളർന്നു. ആരെയും ആകർഷിക്കുന്ന അന്തരീക്ഷം!

ജീവിതത്തിൽ വെള്ളിടികൾ ഏൽക്കാത്തവർ ചുരുക്കമാണ്. അധികം പേരെക്കുറിച്ചും നാമറിയുന്നില്ല. ആകസ്മികമായ ആഘാതങ്ങൾ നമുക്കുണ്ടാകുന്നു. അപ്പോൾ അവയുടെ നടുക്കത്തിൽ സകലതും തകർന്നടിഞ്ഞു എന്നു നാം ചിന്തിക്കും. എന്നാൽ അപ്രകാരമുള്ള സാഹചര്യത്തിൽനിന്നും അനുഗ്രഹത്തിന്റെ നീർച്ചാലുകൾ ഒഴുക്കുവാൻ ദൈവം സഹായിക്കുന്നു.

1981 സെപ്റ്റംബർ 5 ന് ഞങ്ങളുടെ ജീവിതത്തിലും ഇപ്രകാരം വെള്ളിടി ഉണ്ടായി. അന്നെനിക്ക് പ്രായം 7 1/2 വയസ്സ്. പതിമൂന്നും, പതിനൊന്നും, അഞ്ചും വയസ്സ് പ്രായമുള്ള മറ്റ് മൂന്ന് സഹോദരങ്ങൾ. നാൽപ്പത്തിരണ്ടാമത്തെ വയസ്സിൽ ഞങ്ങളുടെ പിതാവ് ക്യാൻസർ രോഗത്താൽ ലോകത്തിൽനിന്നും മാറ്റപ്പെട്ടു. ചെറിയ പ്രായത്തിൽ അമ്മ വിധവയായി. അനാഥത്വത്തിന്റെ ഭാരം ഞങ്ങൾ അനുഭവിച്ചു. എല്ലാ നിലയിലും ബുദ്ധിമുട്ടും പ്രയാസങ്ങളും. ചെറിയ പ്രായത്തിൽ പല ജോലികൾ പ്രായത്തെ കവിഞ്ഞ് എനിക്ക് ചെയ്യേണ്ട സാഹചര്യം. എന്നാൽ ഞങ്ങളുടെ അമ്മ ആ കാലഘട്ടത്തിൽ ദൈവത്തിലാശ്രയിച്ചു. കർത്താവിന്റെ കല്പന അനുസരിച്ചു. ഞങ്ങളെ ദൈവഭക്തിയിൽ വളർത്തി. ഇന്ന് ഞങ്ങൾ നാലു പേരും കുടുംബസ്ഥരായി. ഞാനും എന്റെ മൂത്ത സഹോദരിയും സുവിശേഷ വേലയിലുമാണ്. സാഹചര്യങ്ങളെ ദൈവം വ്യത്യാസപ്പെടുത്തി. അനേകരെ സങ്കടത്തിൽ ചെന്ന് കാണുവാനും ആശ്വസിപ്പിക്കുവാനും ദൈവം ഞങ്ങളെ ഉപയോഗിക്കുന്നു. ജീവിതത്തിലുണ്ടായ വെള്ളിടികൾ ഞങ്ങളെ തകർത്തില്ല. മറിച്ച് ശ്രേഷ്ഠമായ മറ്റൊന്നാക്കി ദൈവം മാറ്റുകയായിരുന്നു.

കുട്ടികൾ അവധി ചോദിച്ചാൽ അനുവദിക്കാത്ത ഒരു ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ ഉണ്ടായിരുന്നു. ഒരു ദിവസം ഉച്ചസമയത്ത് പല്ലുവേദനയാൽ ഭാരപ്പെട്ട കുട്ടി അവധി ചോദിച്ചപ്പോൾ അദ്ദേഹം വേഗത്തിൽ അനുവദിച്ചു. കുട്ടികൾക്ക് അതിശയമായി. അവർ അദ്ദേഹത്തോടു ചോദിച്ചു: സാർ, എന്തെല്ലാം രോഗങ്ങൾ ഞങ്ങൾക്ക് വന്നിട്ടുണ്ട് അപ്പോഴൊന്നും അവധി നല്കാതിരുന്ന അങ്ങ് പല്ലുവേദന വന്ന കുട്ടിക്ക് പെട്ടെന്ന് എന്തുകൊണ്ട് അവധി അനുവദിച്ചു? അദ്ദേഹത്തിന്റെ മറുപടി; പല്ലുവേദന എനിക്ക് വന്നിട്ടുണ്ട്. അതിന്റെ വേദന എനിക്ക് നന്നായി അറിയാം എന്നായിരുന്നു. പ്രിയരെ മറ്റുള്ളവരെ നാം നിമിത്തം പണിയേണ്ടതിനാണ് ദൈവം ചില സംഭവങ്ങളിലൂടെ കൊണ്ടുപോകുന്നത്.

ഏകമകൻ ബൈക്ക് ആക്സിഡന്റിൽ മരണപ്പെട്ട ഒരു കർത്തൃദാസന്റെ കുടുംബം. നാല് മണി കഴിഞ്ഞ്, അമ്മയെ ഫോണിൽ വിളിച്ച് ചായ എടുത്തുവച്ചോ, ഞാൻ വീടിന്റെ അടുത്തായി എന്നു പറഞ്ഞ മകൻ വീടിന്റെ സമീപസ്ഥലത്തുവെച്ച് എതിരെ വന്ന വാഹനമിടിച്ച് നിത്യതയിലേക്ക് കടന്നുപോയി. മകന്റെ

*ശേഷം പേജ് 12 ൽ*



# ദുരന്തം വിതച്ച മലയോരപ്രദേശങ്ങൾ


**കേ**രളത്തിലുണ്ടായ പേമാരിയും പ്രളയവും മൂലം ഏറെ ദുരിതങ്ങൾ ഏറ്റുവാങ്ങേണ്ടിവന്ന ജില്ലകളിലൊന്നാണ് ഇടുക്കി. തോരാതെ പെയ്ത മഴയിലും അതുമൂലമുണ്ടായ മണ്ണിടിച്ചിലിലും ഒലിച്ചുപോയത് നിരവധി കുടുംബങ്ങളുടെ സ്വപ്നങ്ങളായിരുന്നു. ഏറെ പരിശ്രമിച്ചാലും തിരികെ വരാൻ അത്ര എളുപ്പമല്ലാത്ത ദുരന്തങ്ങളാണ് ഇവിടെയുള്ള മിക്കവർക്കും നേരിട്ടിരിക്കുന്നത്. ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ചില ആരാധനാലയങ്ങൾക്കും വിശ്വാസികളുടെ ഭവനങ്ങൾക്കും നേരിട്ട നാശനഷ്ടങ്ങളുടെ വിലയിരുത്തലിന്റെ ഭാഗമായിട്ടാണ് സെപ്റ്റംബർ 13-ന് ഞങ്ങൾ ഇടുക്കി ജില്ലയിലെ അടിമാലി മേഖല സന്ദർശിക്കുന്നത്. ഇടുക്കി സെന്ററിലെ സഭാശുശ്രൂഷകന്മാരായ റെജി വർഗീസിനും ജോയി സി. കൊച്ചാക്കനുമൊപ്പം ദുരിത ഭൂമിയിലൂടെ യാത്രചെയ്യുമ്പോൾ ഞങ്ങൾ കണ്ട കാഴ്ചകൾ പലതും കരളലിയിക്കുന്നതായിരുന്നു.

*തയ്യാറാക്കിയത് :*
**പാസ്റ്റർ ഏബ്രഹാം മന്ദമരുതി**
**പാസ്റ്റർ ബിജു ജോസഫ്**

**ഉ**രുൾപൊട്ടലും മണ്ണിടിച്ചിലും ഇടുക്കിയിൽ ആദ്യം ബാധിച്ചത് പ്രധാന റോഡുകളെയായിരുന്നു. സമീപജില്ലകളായ എറണാകുളം, കോട്ടയം ഭാഗങ്ങളിലേക്കുള്ള മാർഗങ്ങൾ തടസപ്പെട്ടതോടെ ജില്ല പൂർണ്ണമായും ഒറ്റപ്പെട്ടിരുന്നു. അതുകൊണ്ടുതന്നെ, പലയിടങ്ങളിലുമുണ്ടായ ദുരിതങ്ങൾക്ക് മാധ്യമശ്രദ്ധ ലഭിച്ചിരുന്നില്ല. ഇപ്പോഴും ചിലയിടങ്ങളിലെ റോഡുകൾ സഞ്ചാരയോഗ്യമായിട്ടില്ല. പലയിടങ്ങളിലും വൈദ്യുതി ബന്ധം പുനസ്ഥാപിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ.

## പെരിയാർ കവർന്ന പെരിയാർവാലി ഹാൾ

കീരിത്തോടിനടുത്തുള്ള പെരിയാർവാലി ചപ്പാത്തിൽ 10 ലധികം കുടുംബങ്ങൾ ആരാധിക്കുന്ന ഒരു സഭാകൂടിവരവ് ശാരോൻ ഫെലോഷിപ്പ് ചർച്ചിനുണ്ട്. സെന്റർ നേതൃത്വത്തിന്റെയും ഒപ്പം ഇവിടെയുള്ള സാധുക്കളായ വിശ്വാസികളുടെയും പ്രാർത്ഥനയുടെയും പരിശ്രമത്തിന്റെയും ഫലമായി 2006ൽ 10 സെന്റ് സ്ഥലം പെരിയാറിന്റെ തീരത്തോടു ചേർന്ന് വാങ്ങി 30 അടി നീളവും 20 അടി വീ



**പെരിയാർവാലി സഭാ ഹാൾ ഇരുന്ന സ്ഥലത്തിന്റെ ഇപ്പോഴത്തെ അവസ്ഥ. പാസ്റ്റർ സണ്ണി ജോസഫ് നില്ക്കുന്ന സ്ഥലത്താണ് ഹാൾ ഉണ്ടായിരുന്നത്. ഇൻസെറ്റിൽ പഴയ ഹാൾ.**



തിയുമുള്ള ഒരു സഭാഹാൾ പണികഴിപ്പിച്ചു. ഒറ്റ മുറിയുള്ള ഒരു പാഴ്സനേജും ഇതോടുചേർന്നുണ്ടായിരുന്നു. ബാക്കിയുള്ള സ്ഥലത്ത് റബ്ബർ മരം വളർന്നുനിന്നു. നീണ്ടു നിവർന്ന് ഒഴുകുന്ന പെരിയാർ കഴിഞ്ഞ 12 വർഷമായി ഈ സഭാഹാളിന് ഒരിക്കൽ പോലും ഭീഷണിയായിട്ടേയില്ല.

എന്നാൽ ഇപ്രാവശ്യം ഇടുക്കി ഡാം തുറന്നതോടെ പെരിയാർ കരകവിഞ്ഞ് ഒഴുകാൻ തുടങ്ങി. കുത്തിയൊലിച്ചു വന്ന വെള്ളപ്പാച്ചിലിൽ ഇവിടെയുള്ള ഹാളും സ്ഥലവും പൂർണ്ണമായി ഒഴുകിപ്പോയി. ഞങ്ങൾ ഇവിടെ സന്ദർശിക്കുമ്പോൾ ഒരു സഭാഹാളും സ്ഥലവും അവിടെയുണ്ടായിരുന്നു എന്നു വിശ്വസിക്കാനേ കഴിഞ്ഞില്ല. കാരണം പെരിയാർ നദിയുടെ ഭാഗമായി അവിടം മാറിയിരുന്നു. കൂറ്റൻ പാറക്കല്ലുകൾ മാത്രം ഇന്നവിടെ ശേഷിക്കുന്നു. സഭാഹാളിനൊപ്പം പായ, മേശ, കസേരകൾ തുടങ്ങിയുള്ള ഉപകരണങ്ങളെല്ലാം നഷ്ടപ്പെട്ടു.

ഒരു മാസത്തിലധികം അവിടെയുള്ള വിശ്വാസികൾക്ക് ഒരുമിച്ച് ആരാധനയ്ക്കു കൂടിവരാൻ കഴിഞ്ഞിരുന്നില്ല. ചില സഭാംഗങ്ങളുടെ ഭവനങ്ങളും സമാനരീതിയിൽ ഒലിച്ചുപോയിരുന്നു. ഇപ്പോൾ സഭയിലെ ഒരു വിശ്വാസകുടുംബത്തിന്റെ ഭവനത്തിലെ ഇടുങ്ങിയ മുറിയിൽ ആരാധന നടന്നുവരുന്നു. പാസ്റ്റർ സി.കെ. സണ്ണിയാണ് ഈ സഭയുടെ ശുശ്രൂഷകൻ.



# ഇതു ജോസിന്റെ കദനകഥ

ഈ യാത്രയിൽ ഞങ്ങളെ ഏറെ വേദനിപ്പിച്ചത് ജോസിന്റെ ഭവനത്തിനു നേരിട്ട ദുരന്തമാണ്. മുനിയറ ശാരോൻ സഭാംഗമായ തോണിക്കുഴിയിൽ ജോസ് മത്തായിയുടെ ഭവനത്തിലെത്താൻ ഞങ്ങൾ നന്നേ കഷ്ടപ്പെട്ടു. റോഡിൽ നിന്ന് ഏകദേശം ഒന്നര കിലോമീറ്റർ കുത്തനെയുള്ള കയറ്റം കയറണം. വഴിയില്ല, ഒറ്റയടി പാത മാത്രം. കുറെ ദൂരം പിന്നിട്ടപ്പോൾ കടുംതൂക്കായ ഒരു മലയുടെ പിളർപ്പിലൂടെ ചെറിയ ഒരു വഴി. ഒരാൾക്ക് കഷ്ടിച്ച് നടന്നുപോകാം. പക്ഷേ അപകടമാണ്. ഒരു ചുവടു പിഴച്ചാൽ മൈലുകൾ താഴ്ചയുള്ള അഗാധ ഗർത്തത്തിലേക്കാണ് വീഴുന്നത്. പിടിച്ചുപോകാൻ കൈവരികളൊന്നുമില്ല. പകരം കഴുത്തോളം വളർന്നുനിൽക്കുന്ന പുല്ലുകൾ മാത്രം. ആ ചെടികൾ തന്നെ മിക്കപ്പോഴും വഴികൾ മുടക്കുകയും ചെയ്യും. വഴിയരികിലൊന്നും ആൾ താമസമില്ല. വിജനമായ ആ വഴികളിലൂടെ ഞങ്ങൾ എത്തിയത് ജോസിന്റെ ഭവനത്തിലേക്കാണ്. വീട് എന്നു പറയാൻ കഴിയില്ല, പുല്ലുമേഞ്ഞ ഒരു കുടിൽ. അവിടെയാണ് നാൽപ്പതുകാരനായ ജോസും ഭാര്യ മെഫിയും 13,8,7,5,2 വീതം വയസുള്ള അഞ്ചു കുട്ടികളും പാർക്കുന്നത്. കൂലിപ്പണി കൊണ്ടു ഉപജീവനം കഴിയുന്ന ജോസിന്റെ സ്വത്ത് 10 സെന്റ് സ്ഥലവും ഈ കൂരയുമായിരുന്നു.

ശക്തമായി മഴ പെയ്യുന്ന ഒരു രാത്രി 8 മണി സമയം. ഭയാനകമായ ഒരു ശബ്ദം കേട്ടാണ് ജോസ് പുറത്തേക്കു നോക്കിയത്. കരൾ പിളരുന്ന കാഴ്ചയായിരുന്നു ജോസിന് അത്. തന്റെ വീടിന്റെ സമീപേയുള്ള ഒരു മലയിടിഞ്ഞ് വീടിനെ തൊട്ടു തൊട്ടില്ല എന്ന നിലയിൽ കുത്തിയൊഴുകുന്നു. മക്കളെപ്പോലെ വളർത്തി പരിപാലിച്ചുകൊണ്ടിരുന്ന 15 ആടുകളെ കെട്ടിയിരുന്ന കൂട് ഉൾപ്പെടെ വെള്ളപ്പാച്ചിലിൽ ഒഴുകിപ്പോയി. ഒപ്പം ഏലച്ചെടികളും വളർത്തുകോഴികളും നഷ്ടപ്പെട്ടു.

പ്രാണരക്ഷാർത്ഥം ഭാര്യയെയും മക്കളെയും കൂട്ടി ജോസ് കോരിച്ചൊരിയുന്ന മഴയത്ത് ഇറങ്ങിയോടി. മറ്റൊന്നും വീട്ടിൽനിന്ന് പുറത്തെടുക്കാൻ അവർക്കു കഴിഞ്ഞില്ല. അധികം വൈകാതെ വന്ന ഒരു കൊടുങ്കാറ്റ് ആ കുടിലിനെ നിശേഷം തകർത്തെറിഞ്ഞു. എല്ലാം നഷ്ടപ്പെട്ട ജോസ് ഇപ്പോൾ തന്റെ കുടുംബവീടിനടുത്ത് ടാർപാളിൻ വലിച്ചുകെട്ടിയ ഷെഡിൽ മക്കളുമായി കഴിയുന്നു.

ഈ സംഭവം നടക്കുന്നതിനു തൊട്ടുമുമ്പ് മറ്റൊരു അത്ഭുത വിടുതൽ ജോസും കുടുംബവും അനുഭവിച്ചു. ജോസിന്റെ മൂന്നു മക്കൾ ദിവസവും സ്കൂളിൽ പോകുന്നതും വരുന്നതും മുകളിൽ വിവരിച്ച ഒന്നര കിലോമീറ്റർ ദൈർഘ്യമുള്ള അപകട വഴിയിലൂടെയാണ്. ആ ദിവസങ്ങളിലൊന്നിൽ സ്കൂൾ വിട്ട് വീട്ടിലേക്കു വരുമ്പോൾ അതിശക്തമായ കാറ്റ് വീശി. പിഞ്ചു കുഞ്ഞുങ്ങൾ വാവിട്ട് നിലവിളിച്ചു. പക്ഷേ കേൾക്കാൻ സമീപത്ത് ആൾത്താമസം ഉണ്ടായിരുന്നില്ല. കാൽ നിലത്തുനിന്ന് പൊങ്ങിയാൽ അഗാധ ഗർത്തത്തിലേക്കാണ് വീഴുന്നത്. പെട്ടെന്ന് 13 വയസ്സുള്ള മൂത്ത മകൾ 8,7 വയസ്സുള്ള കുഞ്ഞനുജരെ ചേർത്തുപിടിച്ച് ഒരു പാറയിൽ കമിഴ്ന്നു കിടന്നു. ദൈവത്തിന്റെ കരുണയായി ജോസ് ഈ സംഭവത്തെ ഓർക്കുന്നു.

സകലവും നഷ്ടപ്പെട്ട ജോസിന് മുഖത്ത് ഇപ്പോഴും പുഞ്ചിരിയാണ്. എല്ലാം നേരെയാകും എന്ന ആത്മവിശ്വാസം ആ പുഞ്ചിരിക്കകത്തു നിഴലിച്ചിരുന്നു.

# തകർന്ന സ്വപ്നവുമായി സണ്ണി മാത്യു


*സണ്ണി മാത്യുവിന്റെ ഭവനം. ഭൂമി വിണ്ടു കീറിയിരിക്കുന്നതും കാണാം*

വെള്ളത്തൂവൽ ശാരോൻ സഭാംഗമായ കൃഷ്ണോടിയിൽ സണ്ണി മാത്യു കൂലിപ്പണിക്കാരനാണ്. ദീർഘനാളുകളിലെ പ്രാർഥനയുടെ ഫലമായി, കുടുംബസ്വത്തായി ലഭിച്ച 42 സെന്റ് സ്ഥലത്ത് ഒരു ചെറിയ ഭവനം ഇവർ പണികഴിപ്പിച്ചു. ഒരു ബഡ്റൂമും ഹാളും കിച്ചണും സിറ്റൗട്ടുമായി പണിത വീടിന് ഒരു റൂം കൂടി നിർമ്മിക്കാൻ ഫൗണ്ടേഷൻ കെട്ടിയിട്ടുണ്ട്. ബാങ്ക് ലോൺ എടുത്താണ് വീടിന്റെ പണി പൂർത്തിയാക്കിയത്. ലഭിക്കുന്ന തുച്ഛമായ വരുമാനത്തിൽ നിന്ന് അദ്ദേഹം ലോൺ മുടക്കമില്ലാതെ വീട്ടിക്കൊണ്ടിരുന്നു. ഈ മാസം ആ കടം അവസാനിക്കും. വീണ്ടുമൊരു ചെറിയ തുക ലോൺ എടുത്ത് ശേഷിക്കുന്ന മുറികൂടി പണിയാം എന്ന കണക്കുകൂട്ടലിൽ കഴിയുമ്പോഴാണ് പേമാരി എത്തിയത്. തുടർമാനമായി പെയ്ത മഴയിൽ സണ്ണിയുടെ ഭൂമി താഴ്ന്നുപോയി. പലയിടങ്ങളിലും വിണ്ടു കീറി. ഒപ്പം പുതിയ വീടും പുറകിലേക്കു ചരിഞ്ഞു. ഇന്ന് ഈ വീട് വാസയോഗ്യമല്ല. ഒരു ബന്ധുവിന്റെ പുരയിടത്തിൽ നിർമ്മിച്ച താൽക്കാലിക ഷെഡിലാണ് സണ്ണിയും കുടുംബവും അന്തിയുറങ്ങുന്നത്. ഇവരുടെ ചിരകാല അധ്വാനം കൊണ്ടു നിർമ്മിച്ച സ്വപ്നഭവനം വാസയോഗ്യമാകണമെങ്കിൽ വീണ്ടും പണിയണം. എന്തു ചെയ്യണമെന്നറിയാതെ കഴിയുകയാണ് സണ്ണി മാത്യുവും കുടുംബവും.

ഞങ്ങൾ സന്ദർശിച്ച നിരവധി ഭവനങ്ങളിൽ ചിലതു മാത്രമാണ് ഇവിടെ കുറിച്ചത്. ഇനിയും സന്ദർശിക്കാനുള്ള ഭവനങ്ങൾ വേറെയുമുണ്ട്. സർവ്വവും നഷ്ടപ്പെട്ട ഈ സഹോദരങ്ങളെ കൈത്താങ്ങുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. ശാരോൻ ഫെലോഷിപ്പ് ചർച്ച് സമാഹരിക്കുന്ന സഹായ ഫണ്ടിലേക്ക് നമുക്കും കൈതുറക്കാം. അതുവഴി ദുരിതമനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളുടെ കണ്ണീരൊപ്പാൻ നമുക്കു കഴിയും തീർച്ച.

# നിലംപതിച്ച ഈട്ടി സിറ്റി ഹാൾ



അടിമാലിയിൽനിന്ന് മൂന്നാർ റൂട്ടിൽ ആനച്ചാലിനടുത്ത് ഈട്ടിസിറ്റിയിൽ ശാരോൻ ഫെലോഷിപ്പിന് ഒരു കുടിവരവുണ്ട്. 20 ലധികം വിശ്വാസികൾ ആരാധിക്കുന്ന ഇവിടെ 6 സെന്റ് സ്ഥലവും അതിൽ 35 അടി നീളവും 20 അടി വീതിയുമുള്ള ഒരു ആരാധനാലയവും സഭയ്ക്ക് സ്വന്തമായിട്ടുണ്ട്. മഴ ശക്തമായതോടെ ഈ സ്ഥലവും താഴാൻ തുടങ്ങി. അപകടം മുന്നിൽ കണ്ട വിശ്വാസികൾ ആരാധന സമീപമുള്ള ഒരു ഭവനത്തിലേക്കു മാറ്റി. ആഗസ്റ്റ് 19 ഞായറാഴ്ച ഉച്ചകഴിഞ്ഞപ്പോൾ വലിയ ഒരു ശബ്ദം കേട്ടാണ് സഭാശുശ്രൂഷകൻ പാസ്റ്റർ എ. ജോസും വിശ്വാസികളും സഭാഹാൾ സ്ഥിതിചെയ്ത സ്ഥലത്തു ചെന്നത്. അപ്പോഴേക്കും ആ ആരാധനാലയം പൂർണ്ണമായി തകർന്നുവീണിരുന്നു. അവിടെയുള്ള ഭൂമിയും വിണ്ടുകീറിയിട്ടുണ്ട്. റോഡ് നിരപ്പിൽ നിന്ന് കോൺക്രീറ്റ് ഭിത്തി നിർമ്മിച്ച് വസ്തു ബലവത്താക്കി വേണം ഇവിടെ സഭാഹാൾ പുനർനിർമ്മിക്കുവാൻ.

# ഒരുമിച്ചു കൈകോർക്കാം

പ്രകൃതിക്ഷോഭം മൂലം കേടുപാടുകൾ സംഭവിച്ച ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ സഭാഹാളുകൾക്കും ദുരിതമനുഭവിക്കുന്ന വിശ്വാസികൾക്കും സഹായം നൽകുന്നതിനായി ഒരു കോടി രൂപ സഭ സമാഹരിക്കുകയാണ്. ഇതിനകം നിരവധി വ്യക്തികളും സഭകളും ഇതിൽ പങ്കാളികളായിക്കഴിഞ്ഞു. ഈ സഹായനിധിയിൽ നിങ്ങൾക്കും പങ്കു ചേരാം. ഒപ്പം അർഹരായവർക്ക് സഹായം ലഭിക്കുന്നതിനായി നമുക്കൊരുമിച്ച് കൈകോർക്കാം. നിങ്ങളുടെ സംഭാവനകൾ തിരുവല്ലയിലുള്ള സഭാഓഫീസിൽ നേരിട്ട് എത്തിക്കുകയോ താഴെ കാണുന്ന അക്കൗണ്ട് വഴി അയയ്ക്കുകയോ ചെയ്യാം. അക്കൗണ്ടിൽ പണം ഇടുന്നവർ താഴെ കാണുന്ന ഫോൺ നമ്പറിൽ അറിയിക്കുമല്ലോ.

**PHONE:0469-2607979**

**SHARON FELLOWSHIP CHURCH**
**ACCOUNT NO: 10290100235816**
**FEDERAL BANK, THIRUVALLA**
**IFSC CODE: FDRL0001021**

# ശാരോൻ ഫെലോഷിപ്പ് ചർച്ച്

## പ്രത്യേക അറിയിപ്പുകൾ

കർത്താവിൽ പ്രിയ പാസ്റ്റർക്കും സഭയ്ക്കും തിരുനാമത്തിൽ വന്ദനം!

1950കളിൽ ഡോ. പി.ജെ തോമസിനാൽ സ്ഥാപിക്കപ്പെട്ട സഭയാണ് ശാരോൻ ഫെലോഷിപ്പ് ചർച്ച് എന്നുള്ള വിവരം ഏവർക്കും അറിവുള്ളതാണല്ലോ. ഡോ. പി.ജെ. തോമസ് നിത്യതയിൽ പ്രവേശിച്ചതിനു ശേഷം ഡോ. റ്റി.ജി. കോശിയുടെ നേതൃത്വത്തിൽ സഭാ പ്രവർത്തനങ്ങൾ തുടർന്നു വന്നു. ദൈവം നൽകിയ ദർശനപ്രകാരം ഇന്ത്യയ്ക്ക് അകത്തും പുറത്തുമുള്ള അനേകം അഭിഷിക്തന്മാരുടെയും ആയിരക്കണക്കിന് വിശ്വാസികളുടെയും അധ്വാനത്തിന്റെയും സഹായസഹകരണത്തിന്റെയും ഫലമായി സഭ വളർന്നുകൊണ്ടിരുന്നു. സഭയുടെ രജിസ്റ്റേർഡ് ഓഫീസും അതിന്റെ ഏക ആസ്ഥാനവും ശാരോൻ, തിരുവല്ല – 689101 ആണ്. അതല്ലാതെ ശാരോൻ ഫെലോഷിപ്പ് ചർച്ചിന് മറ്റൊരു ഭരണസിരാകേന്ദ്രമില്ല.

ദൈവവചനത്തിനും എഴുതപ്പെട്ട ഭരണഘടനയ്ക്കും വിധേയമായാണ് ശാരോൻ ഫെലോഷിപ്പ് ചർച്ച് പ്രവർത്തിക്കുന്നത്. സഭയ്ക്ക് ഒരു പ്രസിഡന്റ് മാത്രമേയുള്ളൂ. നിലവിലെ പ്രസിഡന്റ് പാസ്റ്റർ ജോൺ തോമസാണ്. പ്രവർത്തനങ്ങൾ സുഗമമാക്കുവാൻ മിനിസ്റ്റേഴ്സ് കൗൺസിലിന്റെയും മാനേജിങ്ങ് കൗൺസിലിന്റെയും കീഴിൽ പ്രാദേശിക സഭകളെ റീജിയനുകൾ, സെന്ററുകൾ, സെക്ഷനുകൾ എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. മുകളിൽ പറഞ്ഞിരിക്കുന്നതു പോലെയുള്ള സെക്ഷനുകളുടെയും സെന്ററുകളുടെയും റീജിയനുകളുടെയും ചുമതല ഭരണഘടന നിർദ്ദേശിക്കുന്ന യോഗ്യതകൾ ഉള്ള ദൈവദാസന്മാർ നിർവഹിക്കുന്നു.

കർണ്ണാടകയിലെ ശാരോൻ ഫെലോഷിപ്പ് സഭാപ്രവർത്തനങ്ങൾ 2014 വരെ പാസ്റ്റർ റ്റി.സി. ചെറിയാന്റെ നേതൃത്വത്തിലാണ് നടന്നു വന്നിരുന്നത്. ചില സാങ്കേതിക കാരണങ്ങളാൽ പാസ്റ്റർ റ്റി.സി. ചെറിയാൻ തൽസ്ഥാനത്തു നിന്നും മാറിയപ്പോൾ പാസ്റ്റർ എം.ഐ ഈപ്പൻ പകരമായി നിയമിക്കപ്പെട്ടു. ചില നാളുകൾക്കുള്ളിൽ പാസ്റ്റർ എം.ഐ ഈപ്പൻ മറ്റു ചില വ്യക്തികളുമായി ചേർന്ന് ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ഭരണഘടനയ്ക്കും താൽപര്യങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുകയും ഫെലോഷിപ്പിൽ ഭിന്നത ഉണ്ടാക്കുകയും ചെയ്തു. ശാരോൻ ഫെലോഷിപ്പ് ചർച്ച് എന്നതിനു സമാനമായ പേരുള്ള മറ്റൊരു സംഘടനയുടെ പ്രസിഡന്റായി അദ്ദേഹം നിയമിക്കപ്പെട്ടതായി അറിയുവാനിടയായി. ശാരോൻ ഫെലോഷിപ്പ് ചർച്ച് കൗൺസിൽ അദ്ദേഹത്തിന്റെ പ്രവർത്തനവിവരങ്ങളറിഞ്ഞ് അത്തരം പ്രവർത്തനങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കാൻ ഉപദേശിക്കുകയും മുന്നറിയിപ്പു നൽകുകയും ചെയ്തു. പാസ്റ്റർ എം.ഐ. ഈപ്പൻ ആജ്ഞാവിധേയനായി താൻ ഭരണഘടനയ്ക്കും ശാരോൻ ഫെലോഷിപ്പ് സഭാ നേതൃത്വത്തിനും വിധേയപ്പെട്ടു മാത്രമേ പ്രവർത്തിക്കൂ എന്ന് എഴുതി അറിയിക്കുകയുമുണ്ടായി.

അങ്ങനെയിരിക്കെ, കൗൺസിൽ മുമ്പാകെ നടത്തിയ എല്ലാ തീർപ്പുകൾക്കും വിരുദ്ധമായി കർണ്ണാടകയിലെ ശാരോൻ ഫെലോഷിപ്പ് ചർച്ചിലെ ഒരു വിഭാഗം പാസ്റ്റർമാരെ 2018 ജൂൺ 16ന് പ്രത്യേക യോഗമായി വിളിച്ച് ശാരോൻ സഭയുടെ പേരിനോട് സാമ്യമുള്ള പേരുമായി മറ്റൊരു സംഘടന ആരംഭിക്കാമെന്ന കാര്യം ചർച്ച ചെയ്തു. എന്നാൽ ഈ നീക്കത്തെ അവിടെയുള്ള ചില പാസ്റ്റർമാർ എതിർക്കുകയും ചോദ്യം ചെയ്യുകയും ചെയ്തു എന്ന അറിവ് സഭാ കൗൺസിലിനു ലഭിച്ചു.

എന്തായിരുന്നാലും ആഗസ്റ്റ് മാസം ബാംഗ്ലൂരിൽ വച്ചു നടന്ന ഒരു മീറ്റിംഗിന്റെ നോട്ടീസിൽ അദ്ദേഹത്തിന്റെ പേരിനും ചിത്രത്തിനുമൊപ്പം പാസ്റ്റർ എം.ഐ ഈപ്പൻ, കർണ്ണാടക ശാരോൻ അസംബ്ലി പ്രസിഡന്റ് എന്നാണ് അച്ചടിച്ചു വന്നിരിക്കുന്നത്. മേൽപ്പറഞ്ഞ കാര്യങ്ങളെക്കുറിച്ചുള്ള വിശദീകരണം അദ്ദേഹത്തോട് സഭാ കൗൺസിൽ ആവശ്യപ്പെട്ടെങ്കിലും തൃപ്തികരമായ മറുപടി നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല.

കർണ്ണാടക ശാരോൻ അസംബ്ലിയുമായോ പാസ്റ്റർ എം.ഐ ഈപ്പനുമായോ അദ്ദേഹത്തിന്റെ ശുശ്രൂഷകരോടോ 13.07.2018 മുതൽ ശാരോൻ ഫെലോഷിപ്പ് ചർച്ചിന് യാതൊരു ബന്ധവുമുണ്ടായിരിക്കുന്നതല്ല. ഈ ദിവസം മുതൽ പാസ്റ്റർ എം.ഐ ഈപ്പൻ കൗൺസിൽ അംഗീകാരമുള്ള ശുശ്രൂഷകനായിരിക്കയില്ല. തുടർന്ന് അദ്ദേഹത്തിന്റെ ശുശ്രൂഷ ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ ആവശ്യമില്ല എന്ന വിവരം സഭകളേയും ശുശ്രൂഷകന്മാരേയും ഈ കത്തിനാൽ അറിയിച്ചുകൊള്ളുന്നു.

പാസ്റ്റർ റ്റി.സി. ചെറിയാൻ കർണ്ണാടക സ്റ്റേറ്റിന്റെ സെന്റർ പാസ്റ്ററും പാസ്റ്റർ പി.ഐ ജോസ് അസോസിയേറ്റ് സെന്റർ പാസ്റ്ററുമായിരിക്കും. അവിടെയുള്ള പ്രവർത്തനങ്ങൾക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

**പാസ്റ്റർ ഫിന്നി ജേക്കബ്**
*(ജനറൽ സെക്രട്ടറി, മിനിസ്റ്റേഴ്സ് കൗൺസിൽ)*

## നീക്കം ചെയ്തിരിക്കുന്നു

ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പത്തനംതിട്ട സെന്ററിൽ പെട്ട കോട്ടമൺപാറ എന്ന സ്ഥലത്ത് പ്രവർത്തിച്ചു കൊണ്ടിരുന്ന സുവി. ഭരത്കുമാർ ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ഭരണഘടനയ്ക്കും ദൈവവചനത്തിനും വിരുദ്ധമായി പ്രവർത്തിച്ചിരിക്കുന്നതിനാൽ സഭയുടെ എല്ലാ ചുമതലകളിൽ നിന്നും അദ്ദേഹത്തെ നീക്കം ചെയ്തിരിക്കുന്ന വിവരം അറിയിക്കുന്നു. ശാരോൻ ഫെലോഷിപ്പ് ചർച്ചിന് അദ്ദേഹവുമായി യാതൊരു ബന്ധവും ഉണ്ടായിരിക്കുന്നതല്ല. പാസ്റ്റർ റജീഷ് ബേബിയെ കോട്ടമൺപാറയിലെ പ്രവർത്തനങ്ങൾക്കായി നിയമിച്ചിരിക്കുന്നു.

# സ്വവർഗ്ഗ രതി വേദപുസ്തക കാഴ്ചപ്പാട്

*(6-ാം പേജ് തുടർച്ച)*

ഹാ പദ്ധതിയെ മനുഷ്യൻ തന്റെ സുഖ ലോലുപതയുടെ വ്യത്യസ്തത മാത്രം മുന്നിൽ കണ്ട് തെറ്റിക്കുമ്പോൾ ദൈവീക വ്യവസ്ഥയെത്തന്നെ തെറ്റിക്കുന്നു എന്നു മാത്രമല്ല, പ്രപഞ്ച സൃഷ്ടിയുടെ താളം കൂടി തകിടം മറിയുകയാണ്.

ഇത് മനുഷ്യരിൽ മാത്രമല്ല,പ്രകൃതിയിൽ നൂറു കണക്കിന് ജീവികളിൽ കാണുന്ന ഒരു പ്രതിഭാസമാണ് എന്നും അതുകൊണ്ടുതന്നെ സ്വവർഗ്ഗ രതി പ്രകൃതി വിരുദ്ധമാണെന്ന ചിന്ത തെറ്റാണെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്.

'മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേക ഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്ക് തുല്യനത്രെ' എന്ന വചനം മാത്രമാണ് ഇതിനുള്ള മറുപടി.

അതായത്, മൃഗങ്ങളിൽ നിന്ന് ചില പാഠങ്ങളൊക്കെ മനുഷ്യന് പഠിക്കാനുണ്ടെങ്കിലും മനുഷ്യൻ ദൈവോന്മുഖമായി ജീവിക്കേണ്ടവനും ദൈവത്തിന്റെ പ്രതിനിധിയും ഭൂമിയുടെ മേല്നോട്ടക്കാരനുമാകയാൽ ദൈവീക വ്യവസ്ഥയിൽ നിന്നുകൊണ്ട് മാത്രമേ മൃഗങ്ങളിൽ നിന്നോ ഇതര ജീവ ജാലങ്ങളിൽ നിന്നോ പാഠങ്ങൾ ഉൾകൊള്ളാൻ അനുവാദമുള്ളു.അല്ലെങ്കിൽ മനുഷ്യനും മൃഗവും തമ്മിലുള്ള വ്യത്യസ്തത എങ്ങനെ തിരിച്ചറിയാനാണ്.'നിങ്ങൾ ബുദ്ധിയില്ലാത്ത കുതിരയെയും കോവർ കഴുതയെയും പോലെ ആകരുത്' എന്ന ബൈബിൾ താക്കീതും ഇവിടെ പ്രസക്തമാണ്.

മനുഷ്യർക്ക് ദൈവം നൽകിയ സ്വാതന്ത്ര്യത്തെ അവർ ദുഷ്ടതയ്ക്ക് മറയാക്കുകയാണ്. എയ്ഡ്സിന് കാരണമാകുന്ന HIV വൈറസ് പകരുന്നതിലും പടർത്തുന്നതിലും സ്വവർഗ്ഗ രതി വലിയ തോതിൽ കാരണമാകുന്നതായി പഠനങ്ങൾ പുറത്തുവരുന്നതും നിസാരമായി കാണാനാവില്ല.

ഏതായാലും സ്വവർഗ്ഗ രതിയുടെ വാസന ഭ്രൂണാവസ്ഥയിൽ തന്നെ നാമ്പിടുന്നതാണ് എന്ന ആധുനിക ചിന്തകളെ തത്കാലം പൂർണ തോതിൽ ഉൾകൊള്ളാൻ ബൈബിൾ വിശ്വാസികൾക്ക് കഴിയില്ല.ട്രാൻസ്ജെൻഡേഴ്സ് വിഭാഗങ്ങളിൽ അതിന്റെ സാധ്യത ഉണ്ടാകാം എന്നത് നിഷേധിക്കുന്നില്ല.എന്നാൽ പൂർണ അർത്ഥത്തിൽ പുരുഷനായും സ്ത്രീയായും സൃഷ്ടിക്കപ്പെട്ടുന്നവർക്ക് ഭ്രൂണാവസ്ഥയുടെ പോരായ്മ പറഞ്ഞ് ഒരിക്കലും രക്ഷപ്പെടാൻ ആവില്ല.

സുപ്രീംകോടതിയിൽ നിന്നും സ്വവർഗ്ഗപ്രേമികൾക്ക് അനുകൂലമായി ഉണ്ടായിരിക്കുന്ന ഇപ്പോഴത്തെ വിധിയുടെ പശ്ചാത്തലം കോടതിക്ക് മുന്നിൽ അതിനനുകൂലമായി ലഭിച്ച തെളിവുകളും വാദമുഖങ്ങളുമാണ് എന്നതിലും സംശയം വേണ്ട.നാളെകളിൽ ചിലപ്പോൾ വിധി മാറിക്കൂടായ്കയില്ല.

സ്വവർഗ്ഗ രതി ബൈബിൾ വിരുദ്ധമാണെന്ന് പറയുമ്പോൾ തന്നെ ലോക കോടതികൾ ബൈബിളിനനുസൃതമായി വിധി പ്രസ്താവിക്കണം എന്ന് ചിന്തിക്കുന്നതും ബൈബിൾ വിരുദ്ധം തന്നെയാണ്.ഏതായാലും 'ലോത്തിന്റെ കാലം പോലെ ആകും' എന്ന ബൈബിൾ വാക്യം വെറും വാക്കല്ലെന്ന തിരിച്ചറിവും കൂടി നൽകുകയാണ് സുപ്രീം കോടതി വിധി!!

# ജീവിതത്തിലെ വെള്ളിടികൾ

*(7-ാം പേജ് തുടർച്ച)*

മരണം കഴിഞ്ഞ് ചില മാസങ്ങൾക്കു ശേഷം ആ കുടുംബവുമായി അല്പസമയം ചെലവഴിച്ചപ്പോൾ എങ്ങനെ ഈ സാഹചര്യത്തെ നേരിടുന്നു എന്ന് ഞാൻ ചോദിച്ചതിന്? ആ കർതൃദാസി നല്കിയ മറുപടി: എന്നും രാവിലെ പത്രത്തിൽ വരുന്ന അപകടമരണം സംഭവിച്ച വീടുകളുമായി ഞങ്ങൾ ബന്ധപ്പെടും. ഞങ്ങൾ അവിടെ പോകും. ഞങ്ങളുടെ ജീവിതാനുഭവത്തിലൂടെ അവരെ ആശ്വസിപ്പിക്കും. അങ്ങനെ പലരും യേശുവിനെ രക്ഷകനായി സ്വീകരിച്ചുകൊണ്ടിരിക്കുന്നു എന്ന് പറയുകയുണ്ടായി.

എസ്ഥേർ ചെറിയ പ്രായത്തിലേ അനാഥയായി. അവളെ വളർത്തിയത് പിതാവിന്റെ സഹോദരപുത്രൻ മൊർദ്ദെഖായി ആണ്. എന്തെല്ലാം തിക്താനുഭവങ്ങളിലൂടെ അവൾ കടന്നുപോയി. എന്നാൽ യെഹൂദന്റെ രക്ഷയ്ക്കുവേണ്ടി ദൈവം എസ്ഥേറിനെ ഒരുക്കിയെടുക്കുകയായിരുന്നു.

വിലാപങ്ങളുടെ പുസ്തകത്തിലെ ചില വാക്കുകൾ ഉണ്ട് (3:32,33,37) കർത്താവ് കല്പിക്കാതെ ആർ പറഞ്ഞിട്ടാകുന്നു വല്ലതും സംഭവിക്കുന്നത്. നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന സംഭവങ്ങളുടെ പിറകിൽ കർത്താവിന്റെ കല്പനയുണ്ട്. ആ സംഭവങ്ങൾ നമ്മെ വലിയ ദുഃഖത്തിലേക്ക് നയിക്കുന്നതായിരിക്കാം. എന്നാൽ മനസ്സോടെയല്ലല്ലോ അവൻ മനുഷ്യപുത്രന്മാരെ ദുഃഖിപ്പിച്ച് വ്യസനിപ്പിക്കുന്നത്. പ്രിയരെ നമ്മുടെ ജീവിതത്തിൽ ചില സംഭവങ്ങൾ നേരിട്ട് നമ്മൾ ദുഃഖിച്ച് ഇരിക്കുന്നത് കാണാൻ ആഗ്രഹിക്കുന്ന ഒരു കർത്താവല്ല നമുക്കുള്ളത്. നാം വേദനപ്പെടുന്നത് കാണുവാൻ കർത്താവിന് മനസ്സില്ല. നമ്മിൽ പുതിയ ചിലത് രൂപപ്പെടുവാൻ ചിലതിനെ ദൈവത്തിന് തകർത്തേ മതിയാകൂ. അവനെ തകർത്തുകളയുവാൻ യഹോവയ്ക്ക് ഇഷ്ടം തോന്നി. അവനവന് കഷ്ടം വരുത്തി. നിങ്ങൾ ഇന്ന് പ്രതീക്ഷിക്കാത്ത തകർച്ചയിലൂടെയാണോ കടന്നുപോകുന്നത്. ദൈവം അറിയാതെയല്ല. വിലയേറിയ ചിലത് നിങ്ങളിൽനിന്നും പുറത്തുവരുവാനുണ്ട്. സഹജീവികളിൽ ചിന്നിയവരേയും ചിതറിയവരേയും മുറിവേറ്റവരെയും കാണാൻ കഴിയുന്ന കണ്ണ്. ഈ സംഭവം കാഴ്ചപ്പാടുകൾക്ക് വ്യത്യാസം വരുത്തുവാനാണ്. ആരൊക്കെയോ കെട്ടിച്ചമച്ച കഥകൾ നിങ്ങളെക്കുറിച്ചുള്ളത് പലരും വിശ്വസിച്ച് താങ്കൾ സമൂഹത്തിൽ ഒറ്റപ്പെട്ടു പോയേക്കാം. എന്നാൽ എന്തുകൊണ്ട് നിങ്ങളുടെ സൽപ്പേരിന് കളങ്കം വന്നപ്പോൾ ദൈവം മിണ്ടാതെയിരിക്കുന്നു. കേൾക്കുന്നതെന്തും വിശ്വസിക്കുന്ന ഒരുപക്ഷെ നമ്മുടെ മനോഭാവത്തിന് മാറ്റം വരുത്തുവാനായിരിക്കാം വേറിട്ട ചിന്തയുടെയും പ്രവൃത്തിയുടെയും ഉടമയായി നമ്മെ തീർക്കുവാൻ. ആ സംഭവങ്ങളെ നമുക്ക് മണിവീണകളാക്കി മാറ്റാം. ദൈവം ഉപയോഗിച്ച ഭക്തന്മാരെല്ലാം ഈ വഴിയിലൂടെ കടന്നുപോയിട്ടുള്ളവരാണ്. നമ്മുടെയും മോക്ഷയാത്രയ്ക്ക് ഈ ഇടുക്കത്തിന്റെയും ഞെരുക്കത്തിന്റെയും വഴിയേ ഉള്ളൂ. ശാസ്ത്രമെത്ര പുരോഗമിച്ചാലും വേറെ വഴിയില്ല സ്വർഗ്ഗ സീയോനിലെത്തുവാൻ. കണ്ണുനീർ താഴ്വരവരെ ദൈവം ജലാശയമാക്കി മാറ്റും. കണ്ണുനീരിന്റെ താഴ്വരയിൽ നാം തന്നെയുള്ളു എന്നാൽ ജലാശയം അനേകർക്കുള്ളതാണ്. നിങ്ങളുടെ കണ്ണുനീർ നിങ്ങൾ മാത്രമാണ് കുടിക്കുന്നത്. എന്നാൽ അതിലൂടെ വരുന്ന ഫലം ജലാശയമാണ്. അത് അനേകർക്ക് ആശ്വാസം നൽകുന്നതാണ്. അതെ വിശ്വാസത്തിൽ നില്ക്കാം. നാം അനേകം കഷ്ടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു (അപ്പൊ.പ്രവൃത്തി 14:22). അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

# പാസ്റ്റർ രാജു ജോസഫ് ഫാമിലി വെൽഫയർ ഫണ്ടിലേയ്ക്ക് സഭാ ഓഫീസ് വഴി ലഭിച്ച സംഭാവന

| സഭ | തുക |
|---|---|
| **തിരുവല്ല സെന്റർ** | |
| ചമ്പക്കുളം | 1000.00 |
| പഴമ്പള്ളി | 6500.00 |
| **തിരുവല്ല വെസ്റ്റ്** | |
| ചാത്തങ്കരി | 10000.00 |
| പരുമല | 5000.00 |
| മണിപ്പുഴ | 16500.00 |
| വളഞ്ഞവട്ടം | 1750.00 |
| മേൽപ്പാടം | 5000.00 |
| കാരിച്ചാൽ | 6000.00 |
| **കുമ്പനാട് സെന്റർ** | |
| ഓതറ വെസ്റ്റ് | 3150.00 |
| കുഴിക്കാല | 25000.00 |
| ഓതറ ഈസ്റ്റ് | 10000.00 |
| പുല്ലാട് | 10000.00 |
| **അടൂർ സെന്റർ** | |
| മണക്കാല | 10000.00 |
| പന്നിവിഴ | 3000.00 |
| വയല | 6000.00 |
| തുമ്പമൺ | 4500.00 |
| പഴകുളം | 2100.00 |
| മാങ്കൂട്ടം | 2200.00 |
| മിത്രപുരം | 7350.00 |
| പുതുശേരിഭാഗം | 2000.00 |
| കടയ്ക്കാമൺ | 3000.00 |
| പുലിമല | 2500.00 |
| **ചെങ്ങന്നൂർ സെന്റർ** | |
| മനയ്ക്കച്ചിറ | 4000.00 |
| തുമ്പമൺതാഴം | 8000.00 |
| ഊന്നുകൽ | 2000.000 |
| ആറന്മുള | 8000.00 |
| **കോട്ടയം സെന്റർ** | |
| ചാമംപതാൽ | 4350.00 |
| കോട്ടയം ടൗൺ | 2000.00 |
| പുളിക്കൽകവല | 17120.00 |
| കാഞ്ഞിരപ്പാറ | 3250.00 |

| സഭ | തുക |
|---|---|
| കുറ്റിക്കൽ | 1000.00 |
| വാഴൂർ | 10000.00 |
| **കൊട്ടാരക്കര സെന്റർ** | |
| നല്ലില | 10000.00 |
| ചെങ്കുളം | 13200.00 |
| നെല്ലിക്കുന്നം | 700.00 |
| തൃക്കണ്ണമംഗൽ | 14000.00 |
| ആയൂർ | 3000.00 |
| കരിക്കം | 5000.00 |
| അമ്പലപ്പുറം | 6400.00 |
| കൈതക്കുഴി | 3000.00 |
| പൊൻമാനൂർ | 5000.00 |
| ഓട്ടുമല | 1000.00 |
| വിലയന്തൂർ | 1200.00 |
| ചെങ്കുളം വെസ്റ്റ് | 1250.00 |
| **ഹൈറേഞ്ച് സെന്റർ** | |
| പീരുമേട് | 1000.00 |
| പള്ളിക്കുന്ന് | 500.00 |
| കൊച്ചറ | 7500.00 |
| കീരിക്കര | 1050.00 |
| ചപ്പാത്ത് | 500.00 |
| **മാവേലിക്കര സെന്റർ** | |
| പരിമണം | 1000.00 |
| ഹരിപ്പാട് | 250.00 |
| നങ്ങ്യാർകുളങ്ങര | 12200.00 |
| മുതുകുളം | 500.00 |
| ചെന്നിത്തല സൗത്ത് | 8150.00 |
| കരിപ്പുഴ | 2000.00 |
| **ഇടുക്കി സെന്റർ** | |
| ബഥേൽമുക്ക് | 500.00 |
| **മല്ലപ്പള്ളി സെന്റർ** | |
| വെള്ളയിൽ | 7650.00 |
| പുന്നവേലി | 11550.00 |
| കറുകച്ചാൽ | 1650.00 |
| മുണ്ടത്താനം | 7450.00 |
| **മൂവാറ്റുപുഴ സെന്റർ** | |

| സഭ | തുക |
|---|---|
| മൂവാറ്റുപുഴ | 500.00 |
| ഉപ്പുകണ്ടം | 250.00 |
| **പെരുമ്പാവൂർ സെന്റർ** | |
| പാണംകുഴി | 2900.00 |
| പെരുമ്പാവൂർ | 23000.00 |
| ചെമ്മീൻകുത്ത് | 2500.00 |
| കോട്ടപ്പടി | 2500.00 |
| **വയനാട്– നീലഗിരി** | |
| പന്തല്ലൂർ | 500.00 |
| ഗൂഡല്ലൂർ | 700.00 |
| കാട്ടികുളം | 1000.00 |
| **കോഴിക്കോട് സെന്റർ** | |
| തൊണ്ടയാട് | 1500.00 |
| കോഴിക്കോട് | 2640.00 |
| **പുനലൂർ നോർത്ത്** | |
| ചാച്ചിപുന്ന | 2200.00 |
| **പുനലൂർ സൗത്ത്** | |
| കല്ലുമല | 1500.00 |
| **പത്തനംതിട്ട സെന്റർ** | |
| ഗുരുനാഥൻമണ്ണ് | 3500.00 |
| മണിയാർ | 1100.0 |
| മൈലപ്ര | 2500.00 |
| നാരങ്ങാനം | 850.00 |
| **റാന്നി സെന്റർ** | |
| ചെത്തോങ്കര | 4500.00 |
| മുക്കൂട്ടുതറ | 6000.00 |
| കൊറ്റനാട് | 4000.00 |
| കാട്ടാത്താനി | 2500.00 |
| മണ്ണടിശാല | 7000.00 |
| 70 ഏക്കർ | 1000.00 |
| ഇടപ്പാവൂർ | 1500.00 |
| **ശൂരനാട് സെന്റർ** | |
| ഐവർകാല | 12000.00 |
| കടമ്പനാട് നോർത്ത് | 11000.00 |
| ശൂരനാട് | 9500.00 |
| മാഞ്ഞാലി | 3000.00 |

| സഭ | തുക |
|---|---|
| പാവുമ്പ | 1000.00 |
| പെരുമ്പുഴ | 8000.00 |
| കടമ്പനാട് സൗത്ത് | 2000.00 |
| തേവലക്കര | 3300.00 |
| **തൃശൂർ സെന്റർ** | |
| അഞ്ചേരി | 12000.00 |
| പറവട്ടാനി | 10000.00 |
| പോർക്കുളം | 1000.00 |
| അഴിക്കോട് | 2000.00 |
| **ഹരിയാന** | |
| ഗീദ (രാജസ്ഥാൻ) | 500.00 |
| ജയ്പൂർ | 3000.00 |
| **മലപ്പുറം** | |
| കരുനെച്ചി | 1000.00 |
| മണ്ണാർക്കാട് | 3500.00 |
| **ഗുജറാത്ത് സെന്റർ** | |
| മെഹ്സാന | 10000.00 |
| അഹമ്മദാബാദ് | 15000.00 |
| മക്കാർപുര | 11000.00 |
| **കാരക്കോണം സെന്റർ** | |
| ആലത്തൂർ | 1000.00 |
| **ഡൽഹി സെന്റർ** | |
| സരിതവിഹാർ | 30500.00 |
| സിതാപുരി | 25000.00 |
| രജ്ജിത്നഗർ | 11000.00 |
| നോയിഡ | 10000.00 |
| ഷാലിമാർബാഗ് | 5300.00 |
| നത്തുപുര | 3000.00 |
| റാവത്തുബട്ട | 3000.00 |
| ശാസ്ത്രിപാർക്ക് | 2000.00 |
| ജീവൻപാർക്ക് | 2000.00 |
| മോഹൻനഗർ | 1000.00 |
| കരോൾബാഗ് | 1000.00 |
| കൃഷ്ണനഗർ | 500.00 |
| ഇന്ദിരപുരം | 500.00 |

**വ്യക്തിപരം**

| | |
|---|---|
| ജോൺ വർഗീസ്, മാഞ്ചസ്റ്റർ | 20000.00 |
| പാസ്റ്റർ പി.എം, ജോൺ | 2000.00 |
| പാസ്റ്റർ കെ.വി. വർഗീസ്, മേത്താനം | 1000.00 |
| പാസ്റ്റർ ജോസ് ജോർജ്, തേവലക്കര | 1000.00 |
| പാസ്റ്റർ ഒ.എസ്. ജോർജ്, വലപ്പായ | 6000.00 |
| പാസ്റ്റർ റ്റി.എം. ഫിലിപ്പ്, മഞ്ഞാടി | 5000.00 |
| പാസ്റ്റർ ജോസഫ് സഖറിയ, ഹരിപ്പാട് | 250.00 |
| സി.ഇ.എം കേന്ദ്രകമ്മറ്റി | 25000.00 |
| പാസ്റ്റർ മാത്യു വി. ജേക്കബ്, തുമ്പമൺ | 2000.00 |
| പാസ്റ്റർ റോയിമോൻ സി. മാത്യു, കുന്നംകുളം | 1000.00 |
| ചിന്നമ്മ ജോൺ, ചെമ്പോട് | 1000.00 |
| ഫിന്നി വി. ജേക്കബ്, കുവൈറ്റ് | 5000.00 |
| പാസ്റ്റർ വി.എം. ജേക്കബ്, കടമ്പനാട് | 3000.00 |
| പാസ്റ്റർ പി.ജി. ജേക്കബ്, ചെമ്മീൻകുത്ത് | 1000.00 |
| പാസ്റ്റർ അലക്സ് മാത്യു, തൊണ്ടയാട് | 300.00 |
| പാസ്റ്റർ ഷിബു ജോൺ, കടമ്പനാട് | 10000.00 |
| പാസ്റ്റർ പി. മത്തായി | 5000.00 |
| പാസ്റ്റർ കെ.എ. ശമുവേൽ, മെഴുവേലി | 2000.00 |
| പാസ്റ്റർ സജീവ് കുമാർ | 1000.00 |
| പാസ്റ്റർ പി.എ. ചാക്കോച്ചൻ, ചിറ്റാർ | 500.00 |
| ജോൺസൻ എം.പി. ചിറ്റാർ | 250.00 |
| എ.പി. തോമസ്, ചിറ്റാർ | 200.00 |
| മാത്യു മാത്യു, ചിറ്റാർ | 100.00 |
| പാസ്റ്റർ എം. ഡി. ശമുവേൽ, പഞ്ചാബ് | 10000.00 |
| പാസ്റ്റർ പി.എം. അലക്സാണ്ടർ, പഞ്ചാബ് | 5000.00 |
| പാസ്റ്റർ ജബു ജോർജ്, പീരുമേട് | 500.00 |
| പാസ്റ്റർ ബൻസൻ പി.ബി | 1000.00 |
| പാസ്റ്റർ മാമ്മൻ വർഗീസ്, കൂടൽ | 1000.00 |
| പാസ്റ്റർ എൻ.റ്റി. ഏബ്രഹാം, കരുനെച്ചി | 500.00 |
| പാസ്റ്റർ പി.എ. മാത്യു, ഓതറ | 500.00 |
| പാസ്റ്റർ വിൻസന്റ് മാത്യു | 500.00 |
| പാസ്റ്റർ ജോസ് തോമസ്, കൊമ്മയാട് | 1000.00 |
| പാസ്റ്റർ എൽദോ പി. ജോസഫ്, കുറ്റിപ്പുറം | 300.00 |
| പാസ്റ്റർ പി.റ്റി. ചാണ്ടി, കവിയൂർ | 500.00 |
| പാസ്റ്റർ സി.റ്റി. മാത്യു, കുന്നന്താനം | 1500.00 |
| ബ്രദർ വിപുൽ മക്വാൻ, ഗുജറാത്ത് | 4000.00 |
| ജേക്കബ് ചാക്കോ, മേൽപ്പാടം | 1500.00 |
| പാസ്റ്റർ ലിബിനി, മരത്തൻകോട് | 2000.00 |

# ശാരോൻ ജനറൽ കൺവൻഷൻ നവംബർ 29 മുതൽ





**തിരുവല്ല:** കേരളത്തിലുണ്ടായ പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ഈ വർഷത്തെ ജനറൽ കൺവൻഷൻ നാലു ദിവസമായി ചുരുക്കി. നവംബർ 29 വ്യാഴം മുതൽ ഡിസംബർ 2 ഞായർ വരെ തിരുവല്ല ശാരോൻ ഗ്രൗണ്ടിൽ വെച്ചാണ് കൺവൻഷൻ നടക്കുന്നത്. നേരത്തെ നവംബർ 26 തിങ്കൾ മുതലാണ് കൺവൻഷൻ നടത്താൻ നിശ്ചയിച്ചിരുന്നത്. പ്രളയ ദുരന്തത്തെത്തുടർന്ന് നാശനഷ്ടം സംഭവിച്ച നിരവധി സഭാഹാളുകൾക്കും പാഴ്സനേജുകൾക്കും വിശ്വാസികളുടെ ഭവനങ്ങൾക്കും സഹായം നൽകേണ്ടതിനാൽ സാമ്പത്തിക ചെലവു ചുരുക്കുകയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

വ്യാഴാഴ്ച വൈകിട്ട് സഭാജനറൽ പ്രസിഡന്റ് റവ. ജോൺ തോമസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ഡോ. കെ. മുരളീധരനാണ് ഇപ്രാവശ്യത്തെ മുഖ്യ പ്രസംഗകൻ. കൂടാതെ ശാരോൻ ഫെലോഷിപ്പിലെ അനുഗ്രഹീത ദൈവദാസന്മാരും വിവിധ മീറ്റിംഗുകളിൽ സന്ദേശം നൽകും. "ദൈവത്തിങ്കലേയ്ക്ക് മടങ്ങിവരുക" (മലാഖി. 3:7) എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. വൈകുന്നേരങ്ങളിലെ പൊതുയോഗങ്ങൾ കൂടാതെ പാസ്റ്റേഴ്സ് കോൺഫറൻസ്, സിഇ.എം–സൺഡേസ്കൂൾ സംയുക്ത വാർഷികം, വനിതാ സമ്മേളനം, സംയുക്ത സഭായോഗം എന്നിവയും നടക്കും.

ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് പ്രാദേശിക സഭകൾ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്നതിനാൽ കൺവൻഷൻ ചെലവിലേക്കു നിർബന്ധിതമല്ലാത്ത സംഭാവന പ്രാദേശിക സഭയിൽ നിന്നു സ്വീകരിക്കാനും സഭാകൗൺസിൽ തീരുമാനിച്ചു.

## പ്രളയക്കെടുതി : സി.ഇ.എം. പ്രധാന പ്രോഗ്രാമുകൾ ഉപേക്ഷിച്ചു

**തിരുവല്ല:** കേരളത്തിലുണ്ടായ പ്രളയക്കെടുതി മൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കുക എന്ന താൽപര്യത്തോടെ സി.ഇ.എം. താലന്തു പരിശോധന ഉൾപ്പെടെയുള്ള പ്രോഗ്രാമുകൾ ഉപേക്ഷിച്ചു. പകരം അതിനു ചിലവാകുന്ന തുക സഭയുടെ ദുരിതാശ്വാസ ഫണ്ടിലൂടെ അർഹരായവർക്കു നൽകാൻ സെക്ഷൻ, റീജിയൻ കമ്മറ്റികൾക്കു കേന്ദ്രഭാരവാഹികൾ നിർദ്ദേശം നൽകി. ഇതനുസരിച്ച് ഓണവാര ക്യാംപുകൾ, താലന്തു പരിശോധനകൾ തുടങ്ങിയുള്ള പ്രോഗ്രാമുകൾ സെക്ഷൻ, റീജിയൻ കമ്മറ്റികൾ ഇപ്രാവശ്യം റദ്ദു ചെയ്തിരുന്നു.

## സ്നാനം



**ഡെൽഹി:** ആശ്രമം ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ നടന്ന സ്നാനശുശ്രൂഷയിൽ 6 പേർ കർത്താവിനെ ജലത്തിൽ സാക്ഷീകരിച്ചു. പാസ്റ്റർ അനിയൻ ശാമുവേൽ ശുശ്രൂഷ നിർവ്വഹിച്ചു.

## ദുരിതാശ്വാസം : ശാരോൻ ഫെലോഷിപ്പ് ഒരു കോടി രൂപാ സമാഹരിക്കുന്നു

**തിരുവല്ല:** കേരളത്തിലുണ്ടായ പേമാരിയുടെയും പ്രളയക്കെടുതിയുടെയും ദുരന്തത്തിൽ അർഹിക്കുന്നവർക്കു സഹായം നൽകുന്നതിനായി ശാരോൻ ഫെലോഷിപ്പ് ചർച്ച് ഒരു കോടി രൂപാ സമാഹരിക്കുന്നു. ഫെലോഷിപ്പിന്റെ പ്രാദേശിക സഭകളിൽ നിന്നും അഭ്യുദയകാംക്ഷികളിൽനിന്നും പണം കണ്ടെത്താനാണ് ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നത്.

സമാഹരിക്കുന്ന തുകയുടെ വിഹിതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു സഭ നൽകും. ബാക്കി തുക അർഹരായ സഭാംഗങ്ങൾക്കു നൽകും. മഴക്കെടുതിയിൽ തകർന്നുപോയ സഭാഹാളുകൾ, പാഴ്സനേജുകൾ, വിശ്വാസികളുടെ ഭവനങ്ങൾ, വരുമാന മാർഗ്ഗങ്ങൾ തുടങ്ങിയുള്ള മുൻഗണന അനുസരിച്ചായിരിക്കും സഹായം നൽകുന്നത്. ഇതിനായി അർഹരായവർ സെപ്റ്റംബർ 20-നു മുമ്പ് വിശദവിവരങ്ങൾ ഉൾപ്പെടുത്തി അപേക്ഷകൾ തിരുവല്ല ശാരോൻ ഓഫീസിൽ ഏൽപ്പിക്കണം.

ഈ അപേക്ഷകൾ പരിശോധിക്കുന്നതിനും മതിയായ അന്വേഷണം നടത്തുന്നതിനും ഉപസമിതിയെ സഭാകൗൺസിൽ നിയമിച്ചു. പാസ്റ്റർ ജോൺസൺ കെ. ശമുവേൽ ചെയർമാനായുള്ള സമിതിയിൽ പാസ്റ്റേഴ്സ് വി.ജെ. തോമസ്, ഏബ്രഹാം മന്ദമരുതി, ഫിലിപ്പ് ഏബ്രഹാം, ബിജു ജോസഫ്, ജോർജ്ജ് മുണ്ടകൻ, സുവി. എബി ബേബി, ബ്രദേഴ്സ് ജോയി സി. ദാനിയേൽ, റോഷി തോമസ്, കോശി മാത്യു എന്നിവരാണ് അംഗങ്ങളായുള്ളത്. സംഭാവന ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തുകൾ പ്രാദേശിക സഭകൾക്ക് അയച്ചിട്ടുണ്ട്. ഇതിനകം നിരവധി സഭകൾ സംഭാവനകൾ നൽകിയിട്ടുണ്ട്. സഹകരിക്കാത്തവർ എത്രയും വേഗം തങ്ങളുടെ സംഭാവനകൾ സഭാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

# ബാഹ്യകേരള പാസ്റ്റേഴ്സ് കോൺഫറൻസ് സമാപിച്ചു



**ഡോ. ജോർജ് കെ. തോമസ് മുഖ്യസന്ദേശം നല്കുന്നു. പാസ്റ്റർ ഷൈൻ പരിഭാഷ നിർവ്വഹിക്കുന്നു.**

***ഗുജറാത്ത്:*** ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ബാഹ്യകേരളത്തിലുള്ള പാസ്റ്റേഴ്സിന്റെ പ്രത്യേക കോൺഫറൻസ് ആഗസ്റ്റ് 30, 31 തീയതികളിൽ ഗുജറാത്തിലുള്ള ബറൂച്ച് ക്രിസ്ത്യൻ സ്പിരിചൽ ലൈഫ് സെന്ററിൽ വെച്ച് അനുഗ്രഹിക്കപ്പെട്ട നിലയിൽ നടന്നു. 30-ാം തീയതി വ്യാഴാഴ്ച രാവിലെ 8 മണിക്കു രജിസ്ട്രേഷൻ ആരംഭിച്ചു. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ശുശ്രൂഷകന്മാർ രാവിലെ തന്നെ എത്തിച്ചേർന്നുകൊണ്ടിരുന്നു. 10 മണിക്ക് ഉദ്ഘാടനസമ്മേളനം ആരംഭിച്ചു. സഭയുടെ നോർത്ത് വെസ്റ്റ് റീജിയൻ മിനിസ്റ്റർ പാസ്റ്റർ കെ. ഡേവിഡ് അധ്യക്ഷത വഹിച്ചു. സഭയുടെ മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ ഫിന്നി ജേക്കബ് സ്വാഗത പ്രസംഗം നടത്തി. ജനറൽ പ്രസിഡന്റ് റവ. ജോൺ തോമസ് കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. മാനേജിംഗ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ ഏബ്രഹാം ജോസഫ് കോൺഫറൻസിനെ സംബന്ധിച്ചു പ്രസ്താവന നടത്തി.

തുടർന്നു നടന്ന സെമിനാറുകളിൽ മുഖ്യാതിഥികളായ ഡോ. ജോർജ് കെ. തോമസ് (ചിക്കാഗോ), റവ. ജോർജ് പാപ്പി (ഒക്കലഹോമ) എന്നിവർ സന്ദേശങ്ങൾ നൽകി. ശുശ്രൂഷകന്മാർക്ക് പുതിയ ഉൾക്കാഴ്ച ലഭിക്കുന്നതിനും പരിശുദ്ധാത്മസാന്നിദ്ധ്യം അനുഭവിക്കുന്നതിനും ഈ സെക്ഷനുകൾ സഹായകമായി. 31-ാം തീയതി രാവിലെ ശുശ്രൂഷകന്മാരുടെ ഓർഡിനേഷൻ ശുശ്രൂഷ നടന്നു. സഭയുടെ ചെങ്ങന്നൂർ-മാവേലിക്കര റീജിയൻ മിനിസ്റ്റർ പാസ്റ്റർ ജേക്കബ് ജോർജ് കെ. മുഖ്യസന്ദേശം നൽകി. റവ. ജോൺ തോമസ്, പാസ്റ്റേഴ്സ് ഏബ്രഹാം ജോസഫ്, ഫിന്നി ജേക്കബ് തുടങ്ങിയവരും ബാഹ്യകേരളത്തിലെ റീജിയൻ പാസ്റ്റർമാരായ കെ. ഡേവിഡ്, എം.ഡി. ശമുവേൽ, ഏബ്രഹാം ദാനിയേൽ, റ്റി.സി. ചെറിയാൻ, ജോസ് ജോസഫ് തുടങ്ങിയവരും ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

ബാഹ്യകേരളത്തിലെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ കേന്ദ്രതലത്തിൽ ഏകോപിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രത്യേക ആലോചനാ മീറ്റിംഗും ഈ കോൺഫറൻസിൽ നടന്നു. പാസ്റ്റർമാരായ ഏബ്രഹാം മന്ദമരുതി, ബിജു ജോസഫ് എന്നിവർ ഈ സെക്ഷനുകളിൽ ചർച്ചകൾ നയിച്ചു.

31-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്ക് സമാപന സമ്മേളനം നടന്നു. റവ. ജോൺ തോമസ് മുഖ്യസന്ദേശം നൽകി. പാസ്റ്റർ ഏബ്രഹാം ജോസഫ് കൃതജ്ഞത അറിയിച്ചു. ഉച്ചയ്ക്ക് 2.30 ന് മീറ്റിംഗ് പര്യവസാനിച്ചു. പാസ്റ്റർമാരായ ബാബു ശമുവേൽ, എം.ഡി. ശമുവേൽ, ജോസ് ജോസഫ്, ഷൈൻ തുടങ്ങിയവർ ഹിന്ദിയിലേക്കു പരിഭാഷ നിർവഹിച്ചു. പാസ്റ്റേഴ്സ് റെജി ചാക്കോ, സന്തോഷ് കെ. ഇ. തുടങ്ങിയവർ ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകി. ഗുജറാത്ത് സെന്റർ മിനിസ്റ്റർ പാസ്റ്റർ പി.വി. ബെന്നിയുടെ നേതൃത്വത്തിൽ കോൺഫറൻസ് ക്രമീകരണങ്ങൾ നടന്നു.

## സംയുക്ത ആരാധന



**പാസ്റ്റർമാരായ കെ. ഡേവിഡ്, പി.വി. ബെന്നി എന്നിവർ കർത്തൃമേശാ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കുന്നു.**

**ഗുജറാത്ത്:** ശാരോൻ ഫെലോഷിപ്പ് ചർച്ച് ഗുജറാത്ത് സെന്ററിലെ സഭകളുടെ സംയുക്ത സഭായോഗം സെപ്റ്റംബർ 2 ഞായറാഴ്ച ബറോഡ അതിഥിഗ്രഹ് ഓഡിറ്റോറിയത്തിൽ വെച്ചു നടന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ പി.വി. ബെന്നി അധ്യക്ഷത വഹിച്ചു. സെന്റർ സെക്രട്ടറി പാസ്റ്റർ വി.എ. അലക്സാണ്ടർ സങ്കീർത്തനം വായിച്ചു. സഭാപ്രസിഡന്റ് റവ. ജോൺ തോമസ്, നോർത്ത് വെസ്റ്റ് റീജിയൻ സെക്രട്ടറി പാസ്റ്റർ വി.പി. കോശി, ഡോ. ജോർജ് കെ. തോമസ്, റവ. ജോർജ് പാപ്പി തുടങ്ങിയവർ പ്രസംഗിച്ചു. റീജിയൻ മിനിസ്റ്റർ പാസ്റ്റർ കെ. ഡേവിഡ് തിരുവത്താഴ ശുശ്രൂഷയ്ക്കു നേതൃത്വം നൽകി. സെന്ററിലെ സഭകളിൽ നിന്ന് പാസ്റ്റേഴ്സും വിശ്വാസികളും സംബന്ധിച്ചു.

# ഓഫീസ് കെട്ടിടത്തിന്റെ പണി പുരോഗമിക്കുന്നു



**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ചിനായി പണികഴിപ്പിക്കുന്ന ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. കൺവൻഷൻ സ്റ്റേഡിയത്തിലെ സ്റ്റേജിന്റെ മുകളിലാണ് ഓഫീസ് സമുച്ചയം പണികഴിപ്പിക്കുന്നത്.

നാലായിരത്തിലധികം ചതുരശ്ര അടിയിൽ പണിയുന്ന ഈ കെട്ടിടത്തിൽ സഭയുടെ മുഖ്യ ഓഫീസ്, സഭാ ചുമതലക്കാരുടെ പ്രത്യേക ഓഫീസുകൾ, കോൺഫറൻസ് ഹാൾ, പുത്രികാസംഘടനകളായ സി.ഇ.എം., സൺഡേസ്കൂൾ, വനിതാ സമാജം തുടങ്ങിയവയുടെ ഓഫീസുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

പ്ലാസ്റ്ററിങ്ങ് വരെ പണി പൂർത്തിയായി കഴിഞ്ഞു. ബാക്കി പണികളും വേഗത്തിൽ പൂർത്തിയാക്കാനാണ് ക്രമീകരണങ്ങൾ ചെയ്തുവരുന്നത്. സഭാനേതൃത്വവും മാനേജിംഗ് കൗൺസിൽ അംഗങ്ങളായ ബ്രദർ എം.കെ. കുര്യൻ, ഏബ്രഹാം ഉമ്മൻ, റ്റി.ഒ. പൊടിക്കുഞ്ഞ് എന്നിവരും നിർമ്മാണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു.

# ശാരോൻ ഫെലോഷിപ്പ് ചർച്ച് സംസ്ഥാനം ഒട്ടാകെ പ്രത്യേക പ്രാർഥന സംഘടിപ്പിക്കുന്നു

**പ്രാർത്ഥന സെപ്റ്റംബർ 18 ചൊവ്വാഴ്ച വിവിധ റീജിയനുകളിൽ**

**തിരുവല്ല:** കേരളത്തിൽ ജലപ്രളയ ദുരിതത്തിലായ ജനങ്ങളുടെ സൗഖ്യത്തിനും സമാധാനത്തിനും സുവിശേഷ മുന്നേറ്റത്തിനുമായി ശാരോൻ ഫെലോഷിപ്പ് കേരളമൊട്ടാകെ എല്ലാ റീജിയനുകളിലും സെപ്റ്റംബർ 18 ചൊവ്വാഴ്ച പ്രാർത്ഥനകൾ സംഘടിപ്പിക്കുന്നു. രാവിലെ 10 മണി മുതൽ 2 വരെയാണ് പ്രാർത്ഥന.

എല്ലാ സഭാ ശുശ്രൂഷകന്മാരും സഭാ പ്രതിപുരുഷന്മാരും വിശ്വാസികളും, റീജിയൺ പാസ്റ്റേഴ്സും, സെന്റർ ശുശ്രൂഷകന്മാരും അതാതു റീജിയണുകളിൽ ദൈവസന്നിധിയിൽ ഒത്തുകൂടുമെന്ന് ആക്ടിംഗ് പ്രസിഡണ്ട് പാസ്റ്റർ ഡോ. ടി.പി.ഏബ്രഹാം, ജന.സെക്രട്ടറി പാസ്റ്റർ ഫിന്നി ജേക്കബ് എന്നിവർ അറിയിച്ചു.

കുന്നത്തുകാൽ, ശ്രീകാര്യം, കൂടൽ, പുലമൺ, കടമ്പനാട് നോർത്ത്, തിരുവല്ല ടൗൺ, മെഴുവേലി, മല്ലപ്പള്ളി വെസ്റ്റ് ,പുളിക്കൽക്കവല, വൈറ്റില, പെരുമ്പാവൂർ, അടിമാലി, പറവട്ടാനി, കൽപ്പറ്റ എന്നിവിടങ്ങളിലെ സഭകളിലാണ് അതാത് റീജിയണുകളുടെ നേതൃത്വത്തിൽ പ്രാർത്ഥന നടക്കുന്നത്.

## സൺഡേസ്കൂൾ മെഗാ ബൈബിൾ ക്വിസ് നവംബർ 11 ന്

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി സംഘടിപ്പിക്കുന്ന മെഗാ ബൈബിൾ ക്വിസ് നവംബർ 11 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 മുതൽ 4.30 വരെ തെരഞ്ഞെടുക്കപ്പെട്ട സെന്ററുകളിൽ വെച്ചു നടക്കും. നേരത്തെ ഒക്ടോബർ 21 ഞായറാഴ്ചയായിരുന്നു ക്വിസ് മത്സരം ക്രമീകരിച്ചിരുന്നത്. കേരളത്തിലുണ്ടായ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ തീയതി നീട്ടിവെയ്ക്കുകയായിരുന്നു.

ബൈബിൾ ക്വിസിൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷൻ ഫോമുകൾ ലോക്കൽ സഭകളിൽ എത്തിച്ചിട്ടുണ്ട്. പൂരിപ്പിച്ച അപേക്ഷകൾ സെപ്റ്റംബർ 30-നു മുമ്പ് സെക്ഷൻ സൺഡേസ്കൂൾ ഭാരവാഹികളെ ഏൽപ്പിക്കേണ്ടതാണ്. 30 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

നാലു ഗ്രൂപ്പുകളായി തിരിച്ചാണ് മത്സരം നടക്കുന്നത്. സൺഡേസ്കൂളിൽ 5,6,7 ക്ലാസുകളിൽ പഠിക്കുന്നവർ എ ഗ്രൂപ്പും 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്നവർ ബി ഗ്രൂപ്പും 11,12 ക്ലാസുകളിൽ പഠിക്കുന്നവർ സി ഗ്രൂപ്പും അധ്യാപകർ ഡി ഗ്രൂപ്പുമാണ്. ഓരോ ഗ്രൂപ്പിലുള്ളവർ പഠിക്കേണ്ട പുസ്തകങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രൂപ്പ് എ : സദൃശ്യവാക്യങ്ങൾ, മർക്കൊസ്
ഗ്രൂപ്പ് ബി : സംഖ്യാപുസ്തകം, ലൂക്കൊസ്
ഗ്രൂപ്പ് സി : ആവർത്തനം, 1 കൊരിന്ത്യർ
ഗ്രൂപ്പ് ഡി : യെശയ്യാവ്, അപ്പൊസ്തല പ്രവൃത്തികൾ

# ഗുജറാത്തിൽ നടന്ന
# പാസ്റ്റേഴ്സ് സെമിനാറിന്റെ വിവിധ ദൃശ്യങ്ങൾ


സദസ് ഒരു ദൃശ്യം


ഓർഡിനേഷൻ ശുശ്രൂഷ


പാസ്റ്റർ ഏബ്രഹാം ജോസഫ് സന്ദേശം നല്കുന്നു


സംഗീതശുശ്രൂഷ



സന്ദേശം: പാസ്റ്റർ ഫിന്നി ജേക്കബ്


പ്രാർത്ഥന: പാസ്റ്റർ കെ. ഡേവിഡ്


സന്ദേശം : റവ. ജോർജ്ജ് പാപ്പി

SFC News VOL. 3 | ISSUE 9 | 2018 SEPTEMBER-OCTOBER

## ശാരോൻ ഫെലോഷിപ്പ് ചർച്ച്

# ജനറൽ കൺവൻഷൻ 2018

**ശാരോൻ ഗ്രൗണ്ട്, തിരുവല്ല**
**നവംബർ 29 വ്യാഴം മുതൽ**
**ഡിസംബർ 2 ഞായർ വരെ**



റവ.ജോൺ തോമസ്
ഡോ. കെ. മുരളീധരൻ
കൂടാതെ അനുഗ്രഹീതരായ
ദൈവ ദാസീ–ദാസന്മാർ
പ്രസംഗിക്കുന്നു.



ചിന്താവിഷയം
**ദൈവത്തിങ്കലേക്ക്**
**മടങ്ങി വരുക.**
മലാ. 3:7

ഗാനശുശ്രൂഷ
**ശാരോൻ ക്വയർ**

- പാസ്റ്റേഴ്സ് കോൺഫറൻസ്
- മിഷൻ സമ്മേളനം
- ബൈബിൾ സ്റ്റഡി
- ധ്യാന യോഗങ്ങൾ
- വനിതാ സമ്മേളനം
- സി.ഇ.എം. സൺഡേസ്കൂൾ
  സംയുക്ത സമ്മേളനം

ദിവസവും വൈകിട്ട് 6 മുതൽ
പൊതുയോഗങ്ങൾ

കൂടുതൽ വിവരങ്ങൾക്ക്
**0469–2607979**

Printed and published by Abraham Thomas for Sharon Fellowship Church, Tiruvalla. For Private Circulation only.
Printed at Evangel Press, Tiruvalla